# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P9/701/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P9/701/2022 തീയ്യതി: 16/07/2022

## ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖ.പി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം..എസ്.സന്തോഷ് | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 01-11-2020 | 20-12-2020 |
| അഡ്വ. ടി.വി.അജിത്കുമാർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സമീറ .പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.രാജു | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. ലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ജീന | മെഡിക്കൽ ഓഫീസർ പി.എച്ച്.സി,കലവൂർ | 01-04-2020 | 31-03-2021 |
| ഡോ.കണ്ണൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, മണ്ണഞ്ചേരി | 01-04-2020 | 31-03-2021 |
| ഡോ.സജി ഉമ്മൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.അനുരാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഉഷാകുമാരി | ഹെഡ്മിസ്ട്രസ്, യു.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീ.അജിത്കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് കുഞ്ഞ് ആശാൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കണക്കുർ സർക്കിൾ | 01-04-2020 | 14-09-2020 |
| ശ്രീ. അനീഷ്.കെ.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കണക്കുർ സർക്കിൾ | 15-09-2020 | 31-03-2021 |
| ശ്രീ.ബാബുമോൻ.ജി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മണ്ണഞ്ചേരിസർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീ.എ. അബ്ദുൾസലാം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഹെഡ്ക്വാർട്ടേഴ്സ് | 01-04-2020 | 31-03-2021 |
| ശ്രീ.പി.ഷിബു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീസ്മതി.സൗമ്യ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-1 |
| 2 | ബജറ്റ്-പ്രതിമാസ അവലോകനം<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: Elsamma (Audit Officer, On 08-07-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 04-07-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 28-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-5 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-9 |
| 12 | നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കുന്നില്ല<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 1-10 |
| 13 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 1-11 |
| 14 | ആവശ്യമായഫീസീടാക്കാതെ ലൈസൻസ് നൽകി<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 1-12 |
| 15 | മഴക്കാലപൂർവ്വ ശുചീകരണം ഫണ്ട് വകമാറ്റി ചെലവഴിച്ചു<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 1-13 |
| 16 | എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-14 |
| 17 | ഐ.കെ.എം വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-15 |
| 18 | സബ്സിഡി മർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചു.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | |
| 19 | ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക ലഭിക്കാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-17 |
| 20 | പദ്ധതി നിർവഹണം- പ്രോജക്ട് ചെലവുകൾ ചെലവ് പത്രികയിൽ ഉൾപ്പെടാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-18 |
| 21 | പഞ്ചായത്ത് ഓഫീസ് നവീകരണം- നിർവഹണ ഏജൻസിയിൽ നിന്നും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-19 |
| 22 | പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ്-പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-06-2022) | 1-20 |
| 23 | ജി.എസ്.റ്റി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-07-2022) | 1-21 |
| 24 | ആർദ്രമീ ആര്യാട് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-22 |
| 25 | പത്ര പരസ്യം-അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-23 |
| 26 | എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 1-24 |
| 27 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല<br>Written By: Lekha (Auditor, On 29-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 1-25 |
| 28 | വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുക - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-26 |
| 29 | സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്കനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-27 |
| 30 | അഗതിരഹിത കേരളം പദ്ധതി - രേഖകൾ ഹാജരാക്കിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-28 |
| 31 | കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-29 |
| 32 | സി.എഫ്.എൽ.റ്റി.സി വൈദ്യുതീകരണം-നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും, ആദായ നികുതിയും കരാറുകാരനിൽ നിന്ന് ഈടാക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കി.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-30 |
| 33 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-31 |
| 34 | ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി അധിക നിരക്കിൽ നൽകി<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-32 |

| | | |
|---|---|---|
| 35 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-33 |
| 36 | മത്സ്യകൃഷി സബ്സിഡി മാനദണ്ഡം പാലിക്കാതെ തുക നൽകുന്നു<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 1-34 |
| 37 | ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു.<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-35 |
| 38 | തറമൂട് നന്ദികാട് റോഡ് ടാറിംഗ്, ഇന്റർലോക്ക് വിരിക്കൽ- അധിക ചെലവ്<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-36 |
| 39 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-37 |
| 40 | എർത്ത് വർക്ക് എക്സ്കവേഷന് -അധിക നിരക്ക്<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-38 |
| 41 | കുടിവെള്ള ടാങ്ക്- എസ്.സി-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-39 |
| 42 | കുടിവെള്ള കണക്ഷൻ-ഡെപ്പോസിറ്റ് പ്രവൃത്തി- നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു.<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-40 |
| 43 | ഈഴാങ്കര പയ്യമ്പള്ളി റോഡ് ഗ്രാവലിംഗ്-ജി.എസ്.ടി അധികം നൽകി<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-41 |
| 44 | കടിയമ്പള്ളി കണ്ണാട്ട് റോഡ് ടാറിംഗ്- വകയിരുത്തലില്ലാതെ ചെലവഴിച്ചു.<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-42 |
| 45 | ടേക്ക് എ ബ്രേക്ക് വിശ്രമ മുറി, ടോയ് ലറ്റ് ബ്ലോക്കിന്റെ അറ്റകുറ്റപ്പണി-<br>അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-06-2022) | 1-43 |
| 46 | RR Masonary-അധിക നിരക്ക് നൽകി<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-44 |
| 47 | തൊഴിലുറപ്പ് പദ്ധതി പ്രകാരം മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും<br>വരുമാന നികുതി സ്രോതസ്സിൽ കുറവ് ചെയ്യുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-45 |
| 48 | തൊഴിലുറപ്പ് പദ്ധതി-ക്വൊട്ടേഷൻ ക്ഷണിക്കാതെ ഡിസ്പ്ലേ ബോർഡുകളുടെ വില<br>എ.ഡി.എസ്സിന്റെ അക്കൗണ്ടിലേക്ക് നൽകുന്നു.<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-46 |
| 49 | ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക ലഭിച്ചിട്ടില്ല<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-47 |
| 50 | കോവിഡ് - 19 - പ്രവർത്തന റിപ്പോർട്ട്<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 1-48 |
| 51 | പൊതു ടാപ്പുകൾ- വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന<br>നടത്തുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-06-2022) | 1-49 |
| | ഭാഗം **2** | |

| | | |
|---|---|---|
| 1 | നികുതി നിർണ്ണയം ആവശ്യമായ വർദ്ധനവ് നൽകുന്നില്ല<br>Written By: Lekha (Auditor, On 30-06-2022)<br>Last Updated By: Lekha (Auditor, On 30-06-2022) | 2-1 |
| ഭാഗം **3** | | |
| 1 | സി.എഫ്.എൽ.റ്റി.സി വൈദ്യുതീകരണം-നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും, ആദായ നികുതിയും കരാറുകാരനിൽ നിന്ന് ഈടാക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കി.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 3-1 |
| 2 | പത്ര പരസ്യം-അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 3-2 |
| 3 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല<br>Written By: Lekha (Auditor, On 29-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 3-3 |
| 4 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 3-4 |
| 5 | RR Masonary-അധിക നിരക്ക് നൽകി<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 3-5 |
| 6 | തറമ്മട് നന്ദികാട് റോഡ് ടാറിംഗ്, ഇന്റർലോക്ക് വിരിക്കൽ- അധിക ചെലവ്<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 3-6 |
| 7 | ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു.<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 3-7 |
| 8 | ഈഴാങ്കര പയ്യമ്പള്ളി റോഡ് ഗ്രാവലിംഗ്-ജി.എസ്.ടി അധികം നൽകി<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 3-8 |
| 9 | പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ്- അധിക തുക നല്കി<br>Written By: Pushparaj V.K (Asst. Audit Officer, On 30-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-06-2022) | 3-9 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| | Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 30-06-2022) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 30-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 17.3.2020 ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 12.2.2021ലെ 1-ം തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 44,43,53,000 | 47,87,75,415 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 29,29,32,835 | 31,29,45,877 |

## 1-1-1 ബജറ്റ്-പ്രതിമാസ അവലോകനം

2020-21വർഷത്തെ ബജറ്റ് 17.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 12.2.2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ ബജറ്റ് 2020ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2201101 | ഓഫീസ് ചെലവുകൾ | 175,000/- | 1,75,000/- | 368139 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2305005 | സംരക്ഷണവും അറ്റ കുറ്റപ്പണികളും കുടിവെള്ള പദ്ധതികൾ | 150000 | 75000 | 85590 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2305099 | സ്ഥിരം ആസ്തികളുടെ സംരക്ഷണവും അറ്റ കുറ്റപ്പണികളും | 350000 | 50000 | 1035883 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2511006 | SSAമറ്റ് വിദ്യാഭ്യാസ പരിപാടികളും | 2300000 | 2500000 | 4637930 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 25112002 | കുടിവെള്ളം-വ്യക്തിഗത കുടിവെള്ള കണക്ഷൻ | 00 | 00 | 2209955 | വകയിരുത്തലില്ലാതെ ചെലവഴിച്ചു. |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/27.06.2022) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ILGMS സാമ്പത്തിക വർഷത്തിന്റെ പകുതി മുതൽക്കാണ് തുടങ്ങിയതെന്നതിനാൽ പല അക്കൗണ്ട് ഹെഡ്ഡുകളും ബജറ്റ് തയ്യാറാക്കിയിട്ടുള്ള അക്കൗണ്ട് ഹെഡ്ഡുകളുമായി പൊരുത്തപ്പെടുന്നില്ല. ILGMS ലെ ഹെഡ്ഡുകൾക്ക് അനുസൃതമായ് ഹെഡ്ഡുകളിൽ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2021-22ലെ ബജറ്റ് ILGMS നടപ്പിലാക്കിയ ശേഷമാണ് പാസ്സാക്കിയിട്ടുള്ളതെങ്കിലും ILGMSലെ ഹെഡ്ഡുകൾക്കനുസൃതമായല്ല ഇത് തയ്യാറാക്കിയിട്ടുള്ളത്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 17.09.2021 |

സംസ്ഥാന തലത്തിൽ സാങ്കേതിക ക്രമീകരണങ്ങൾ വരുത്തുന്നതിൽ കാലതാമസം നേരിട്ടതു മൂലം ഗ്രാമ പഞ്ചായത്തിന് വാർഷിക ധനകാര്യ പത്രിക 04.07.2022-ൽ മാത്രമാണ് എയിംസിൽ ഇ-സബ്മിറ്റ് ചെയ്യാൻ സാധിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രിക - ന്യൂനതകൾ

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. Federal Bank (12510100148190) എന്ന അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ 29.12.2020-ൽ ലഭിച്ച പലിശ വരവ് (2014/-രൂപ) രേഖപ്പെടുത്തിയിരിക്കുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

2.31.03.2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം State Bank Of Travancore (57035229777) എന്ന അക്കൗണ്ടിലെ നീക്കിയിരിപ്പ് 437019/-രൂപയെന്ന് കാണുന്നു. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 207019/-രൂപയാണ്. കൂടാതെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് പാസ് ബുക്കിലെ നീക്കിയിരിപ്പ് 250219/-രൂപയാണ് എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 437019/-രൂപ നീക്കിയിരിപ്പുണ്ട്.

3.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Central Finance Commission Grant – Performance Grant എന്നയിനത്തിൽ (-)9252938/-രൂപ ഉൾപ്പെട്ടിരിക്കുന്നു. ഈയിനത്തിലുള്ള തൻവർഷത്തെ യഥാർത്ഥ ചെലവ് 4210225/-രൂപയാണ്.

4.സർക്കാർ ഉത്തരവ് നം.4461/2020/ധന തീ.03.08.2020 പ്രകാരം മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ട് (ജനറൽ) ഇനത്തിൽ തൻവർഷം അനുവദിച്ച 3315000/-രൂപയിൽ 715400/-രൂപ അംഗൻവാടി ജീവനക്കാരുടെ വേതനമിനത്തിലും, 2599600/-രൂപ ലൈഫ് മിഷൻ വായ്പാ തിരിച്ചടവിനത്തിലും സോഴ്സ് ഡിഡക്ഷൻ നടത്തിയത് ചെലവിൽ ഉൾക്കൊള്ളിച്ചിട്ടില്ല. തന്മൂലം വികസന ഫണ്ടിനത്തിലുള്ള ചെലവ് സുലേഖയിൽ നിന്നുള്ള ചെലവ് പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| | |
|---|---|
| ഇൻകം & എക്സ്പന്റീച്ചർ + ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ | 37206641 |
| ചെലവ് പത്രിക പ്രകാരം | 33205441 |
| വ്യത്യാസം | 4001200 |

ഇതിൽ 3315000/-രൂപ സോഴ്സ് ഡിഡക്ഷൻ ചെയ്ത പ്രോജക്ടിനനുസൃതമായി ജി.ഒ പ്രോജക്ട് ആവിഷ്കരിക്കാതിരുന്നതു മൂലവും, 686200/-രൂപ അംഗൻവാടി ജീവനക്കാരുടെ വേതനമിനത്തിൽ വാർഷിക കണക്കിൽ അധികമായി രേഖപ്പെടുത്തിയ തുകയുമാണ്.

5.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Development Fund- Special Component Plan ഇനത്തിലുള്ള തുക 7027535/-രൂപയും തൻവർഷത്തെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജർ പ്രകാരം ഈയിനത്തിലുള്ള തുക 135928/-രൂപയും ചേർത്ത് ഈയിനത്തിൽ തൻവർഷത്തെ ആകെ ചെലവ് 7163463/-രൂപയാണ്. എന്നാൽ സുലേഖയിൽ നിന്നുള്ള ചെലവ് പത്രികയിൽ 6644052/-രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം വന്ന 519411/-രൂപയിൽ 73138/-രൂപ ലൈഫ് മിഷൻ വായ്പാ തിരിച്ചടവിനത്തിൽ സോഴ്സ് ഡിഡക്ഷൻ ചെയ്ത തുകയും ബാക്കിത്തുക (446273/-രൂപ) സ്കിൽ ഡെവലപ്മെന്റ് സെന്റർ ചുറ്റുമതിൽ എന്ന പദ്ധതിക്കായി ചെലവഴിച്ചതുമാണ്. ഈ രണ്ടു പദ്ധതി ചെലവുകളും തൻവർഷത്തെ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

6.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(A) പ്രകാരം Related Programmes For Anganwadi – Honorarium For Anganwadi Workers എന്നയിനത്തിൽ 2832400/-രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വിവിധ ഉത്തരവുകൾ പ്രകാരം ഈയിനത്തിൽ സോഴ്സിൽ നിന്നും ആകെ ഡിഡക്ട് ചെയ്ത തുക 2146200/- രൂപയാണ് (715400x3)

7. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(A) പ്രകാരം Welfare Of Mentally And Physically Challenged Persons Providing Scholarship/Batta എന്നയിനത്തിൽ 2644000/-രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ 2184200/-രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള 295800/-രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടു വന്നിട്ടില്ല. ഇതു കൂടാതെ 200000/-രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

8.ഐ.എൽ.ജി.എം.എസ് ആരംഭിക്കുന്നതിന് തൊട്ടു തലേദിവസത്തെ സാംഖ്യയിൽ നിന്നുള്ള ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പാസ്റ്റ് ഡാറ്റാ എൻട്രി നടത്തിയപ്പോൾ Fees For Marriage Certification എന്നത് Registration Fee For Marriage Registration എന്ന ഹെഡിൽ ഉൾപ്പെടുത്തിയാണ് എടുത്തിരിക്കുന്നത്. എന്നാൽ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പാസ്റ്റ് ഡാറ്റാ എൻട്രി നടത്തിയപ്പോൾ Fees For Marriage Certification എന്നത് Fee For Marriage Registration Under Common Marriage Rules Within 45 Days + Certificate Issue എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയത്.

9.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions Towards Joint Venture Projects- From Block Panchayats എന്നയിനത്തിൽ 6220000/-രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖയിൽ നിന്നുള്ള പദ്ധതി ചെലവ് പത്രികയിൽ 5924200/-രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4-ൽ ഈയിനത്തിൽ നീക്കിയിരിപ്പൊന്നും ഇല്ല. തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും നല്കുന്നതിനായി ലഭിച്ച 295800/-രൂപയുടെ ചെലവ് തൻവർഷത്തെ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതിരുന്നതാണ് ഈ വ്യത്യാസത്തിനു കാരണം.

10.നികുതി നികുതിയേതര വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈയിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനായില്ല.

11.അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈയിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകളുടെ കൃത്യത പരിശോധിക്കാനായില്ല.

12.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Advance To Implimenting Agencies- Deposit With Kerala Water Authority

എന്നയിനത്തിൽ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം 2336000/-രൂപ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം വിവിധ പദ്ധതികൾക്കായി 3514210/-രൂപ വാട്ടർ അതോറിറ്റിയിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം 5382000/-രൂപയുടെ പ്രവർത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രവർത്തികൾ പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ ഒന്നും ലഭ്യമായതായി കാണുന്നില്ല. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

13.പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളും വാർഷിക കണക്ക് പ്രകാരം ലോൺ ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും തമ്മിൽ പൊരുത്തക്കേടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | ലോൺ രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 72089832 | 74913362 |
| തൻവർഷം ലഭിച്ച തുക | 2200000 | 2200000 |
| ആകെ | 74289832 | 77113362 |
| തിരിച്ചടച്ച തുക | 5704942 | 5704942 |
| നീക്കിബാക്കി | 68584890 | 71408420 |

14.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-7 പ്രകാരം Interest On Fixed Deposits എന്നയിനത്തിൽ 1463310/-രൂപ വരവുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൻവർഷം പലിശയിനത്തിൽ ലഭിച്ച തുക 1434543/-രൂപ മാത്രമാണ്. 2019-20 സാമ്പത്തിക വർഷം പലിശയിനത്തിൽ ലഭിച്ച 28767/-രൂപയും ഈ വർഷമാണ് വരവിൽ എടുത്തിരിക്കുന്നത്.
15. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ അബ്സ്ട്രാക്റ്റിൽ ആകെ വരവും ആകെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആകെ വരവ് 181237183/-രൂപയും ആകെ ചെലവ് 181137183/-രൂപയും ആണ്. 100000/-രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

16.ഓഡിറ്റിനായി മാന്വലായി ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റും എയിംസിൽ ഇ-സബ്മിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ ഇ സബ്മിറ്റ് ചെയ്യപ്പെട്ട ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിന്റെ അബ്സ്ട്രാക്റ്റിലെ തുകകളും, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിന്റെ ഷെഡ്യൂളിനൊപ്പമുള്ള അബ്സ്ട്രാക്റ്റിലെ തുകകളും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28502071 |
| വരവ് | 152735112 |
| ആകെ | 181237183 |
| ചെലവ് | 155568726 |
| നീക്കിയിരിപ്പ് | 25668457 |
| വരവിനങ്ങളിലെ നഷ്ടം | 6289 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 473557 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12305315 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 28884996 | 28884996 | 7778004 | 28742437 | 142559 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | | 9024862 | 9024862 | 73138 | 7090325 | 1934537 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 225000 | 225000 | 0 | 162000 | 63000 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 8826000 | 8826000 | 0 | 8796679 | 29321 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 7769613 | 7769613 | 79387 | 6005601 | 1764012 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 12360000 | 12360000 | 0 | 4210225 | 8149775 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ | | 26939533 | 26939533 | 0 | 19551434 | 7388099 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| | അവാർഡ് (അൺടൈഡ്) | | | | | |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (7778004/-രൂപ) കഴിച്ചുള്ള തുകയാണ്. ഇതു കൂടാതെ സോഴ്സിൽ നിന്നും ഡിഡക്റ്റ് ചെയ്ത 3315000/-രൂപയ്ക്ക് ജി.ഒ പ്രോജക്ട് ആവിഷ്കരിക്കാതിരുന്നതു മൂലം പ്രസ്തുത ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല. തന്മൂലം വരവ്, ചെലവ് നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 28884996 | 2888496 | 33205441 | (-)4320445 |
| യഥാർത്ഥ തുക | 0 | 36663000 | 36663000 | 36520441 | 142559 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (73138/-രൂപ) കഴിച്ചുള്ള തുകയാണ്. ഇതു കൂടാതെ സോഴ്സിൽ നിന്നും ഡിഡക്റ്റ് ചെയ്ത 73138/-രൂപയുടെ ഉൾപ്പെടെ 519411/-രൂപയുടെ പ്രോജക്ട് ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല. തന്മൂലം വരവ്, ചെലവ് നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | 9024862 | 9024862 | 6644052 | 2380810 |
| യഥാർത്ഥ തുക | | 9098000 | 9098000 | 7163463 | 1934537 |

3.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഇനത്തിൽ വരവ്, ചെലവ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത് വോട്ടിംഗ് മെഷീന് ചെലവ് ഇനത്തിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (79387/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, ചെലവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | 7769613 | 7769613 | 6005601 | 1764012 |
| യഥാർത്ഥ തുക | | 7849000 | 7849000 | 6084988 | 1764012 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരംലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 338 | 373597313 | 217 | 55045676 | 35 | 86 | 64.2 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ഭരണ ചെലവുകൾ | 110582 | | 1511733 | 1622315 | 10335 | 1611980 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | ക്യാപ്പിറ്റൽ | 3390426 | 3390426 | 3390426 | 00 |
| | | റെവന്യൂ | 67075271 | 67075271 | 67075271 | |
| ആകെ | 110582 | | 71977430 | 72088012 | 70476032 | 1611980 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
| തൊഴിൽരഹിത വേതനം | 405720 | 305 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11450500 | 746 |
| വിധവാപെൻ ഷൻ | 20055100 | 1586 |
| വാർദ്ധക്യകാല പെൻഷൻ | 55174200 | 3265 |
| വികലാംഗപെൻഷൻ | 11372400 | 792 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 1465400 | 111 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 390000 | 13 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.6.2022ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13831/-- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

## 1-10 നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകളിലെ സൈറ്റ് പ്ലാനിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്ഥമായി നികുതി നിർണ്ണയിച്ചിരിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്ന ഇവയിൽ കംപ്ളീഷൻപ്ളാനിൽ റോഡിന്റെ വീതി 5മീറ്ററിൽ കൂടുതൽ കാണിച്ചിട്ടുണ്ടെങ്കിലും വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ്,വലിയവീടുകളുടെ തറനിർമ്മിതി ഉയർന്നതരം വസ്തുക്കൾ കൊണ്ടായിരിക്കുമെന്നിരിക്കെ 250ച.മീറ്ററിനുമുകളിലുള്ള കെട്ടിടങ്ങൾക്ക് ഉയർന്നതരം തറനിർമ്മിതിക്ക്ബാധകമായ 15% വർദ്ധനവ് എന്നിവ ഇല്ലാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്രമനം | പേര്/വിലാസം | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | രമേശൻ,ഗോവിന്ദം 13/527A | 267.18ച.മീ, വാസഗൃഹം | 267.18 @7=1870.26<br>ഇളവുകൾ<br>ദ്വിതീയ മേഖല- 10%=187<br>ആകെ നികുതി-1683/- | 267.18@7=1870.26<br>ദ്വിതീയമേഖല ഇളവ് 10%=187<br>വർദ്ധനവ്<br>5 മീറ്ററിൽക്കൂടുതൽ വഴി സൌകര്യം -20%<br>ഉയർന്ന തറനിർമ്മിതി-15%<br>ആകെ വർദ്ധനവ് -25%=467.5<br>ആകെ നികുതി- | 467 |

| | | | | | |
|---|---|---|---|---|---|
| | | | | 2150/- | |
| 2 | കുഞ്ഞുമോൻ.,<br>ശിൽപ്പകോട്ടേജ്<br>1/762A | 180.76 ച.മീ<br>വാസഗൃഹം | 180.76<br>@7=1265.32<br>ഇളവുകൾ<br>ദ്വിതീയം<br>മേഖല-<br>10%=126.5<br>ആകെ<br>നികുതി=1138 | 180.76<br>@7=1265.32<br>ദ്വിതീയ മേഖല<br>ഇളവ്- 10%=126.5<br>വർദ്ധനവ്<br>5 മീറ്ററിൽക്കൂടുതൽ<br>വഴി സൌകര്യം<br>-20%=253<br>ആകെ നികുതി=1391 | 253 |
| 3 | ബിനുജോൺ,<br>ബിജുഭവനം<br>10/595E | 283.75ച.മീ<br>വാസഗൃഹം | 283.75@7=<br>1986.25<br>ഇളവുകൾ<br>ദ്വിതീയ<br>മേഖല- - 10%<br>=199<br>ആകെ<br>നികുതി=1787 | 283.75@7=1986.25<br>ഇളവുകൾ<br>ദ്വിതീയ മേഖല- 10%<br>=199<br>ഉയർന്ന തറനിർമ്മിതി<br>വർദ്ധനവ്-15%=298<br>ആകെ നികുതി=2085 | 298 |
| 4 | സന്ദീപ് കുമാർ<br>5/215A | 238.09ച.മീ<br>വാസഗൃഹം | 238.09@7=<br>1666.63<br>ഇളവുകൾ<br>ദ്വിതീയ<br>മേഖല- -<br>10%=166.6<br>ആകെ<br>നികുതി=1500 | 238.09@7=1666.63<br>ഇളവുകൾ<br>ദ്വിതീയ മേഖല- -<br>10%=166.6<br>വർദ്ധനവ്<br>5 മീറ്ററിൽക്കൂടുതൽ<br>വഴി സൌകര്യം<br>-20%=333<br>ആകെ നികുതി=1833 | 333 |
| 5 | ഷമീർ എൻ.എ.<br>ഇലയശേരിൽ<br>4/447A | 308.96ച.മീ<br>വാസഗൃഹം | 308.96@7=<br>2162.7<br>ഇളവുകൾ<br>ദ്വിതീയ<br>മേഖല- -<br>10%=216<br>ആകെ<br>നികുതി=1947 | 308.96@7=2162.7<br>ദ്വിതീയ മേഖല ഇളവ്<br>- 10%=216<br>വർദ്ധനവ്<br>5 മീറ്ററിൽക്കൂടുതൽ<br>വഴി സൌകര്യം -20%<br>ഉയർന്ന<br>തറനിർമ്മിതി-15%<br>ആകെ വർദ്ധനവ്<br>-25%=541<br>ആകെ നികുതി=2487 | 540 |
| 6 | രമ പി.എസ്.<br>കൈതകുളങ്ങര<br>18/405A | വാണിജ്യം<br>GF-64.67<br>FF-64.67(കുറഞ്ഞതരം<br>മേൽക്കൂര | 129.34@70=<br>9053.8<br>ദ്വിതീയ<br>മേഖലഇളവ് -<br>10%<br>കുറഞ്ഞതരം<br>മേൽക്കൂര<br>ഇളവ് -10%<br>ആകെ<br>ഇളവ്-20%=1810<br>ആകെ<br>നികുതി=7244 | 129.34@70=9053.8<br>ദ്വിതീയ മേഖലഇളവ്<br>- 10%=905<br>കുറഞ്ഞതരം<br>മേൽക്കൂര ഇളവ് 10%<br>(-64.67 ച.മീറ്ററിനു<br>മാത്രം<br>ബാധകം(50%))=452.5<br>5 മീറ്ററിൽക്കൂടുതൽ<br>വഴി സൌകര്യം<br>-20%=1810<br>ആകെ നികുതി=9506 | 2262 |
| 7 | സമീർ കണ്ടത്തിൽ<br>18/442A | വാണിജ്യം<br>154.5ച.മീ | 154.5@70<br>=10815<br>ദ്വിതീയ<br>മേഖലഇളവ് -<br>10%=1081<br>ആകെ<br>നികുതി=9734 | 154.5@70=10815<br>ദ്വിതീയ മേഖലഇളവ്<br>- 10%=1081.5<br>5 മീറ്ററിൽക്കൂടുതൽ<br>വഴി സൌകര്യം<br>-20%=2163<br>ആകെ നികുതി=11897 | 2136 |
| ആകെ | | | | | 6289 |

നികുതി നിർണ്ണയത്തിലെ കുറവ് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി

(31/30.6.2022)നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചതു പ്രകാരം നികുതി പുനർ നിർണ്ണയിച്ചത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2020-21സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയതായി കാണുന്നില്ല.

1) നേതാജി ക്ഷീരോൽപ്പാദക സഹകരണസംഘം

2)ടൈനിടോട്ട്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

3)കോമളപുരം സ്പിന്നിംഗ് മിൽ

4) റേഷൻകട ലൈസൻസികൾ

5) പഞ്ചായത്തിലെഒന്നലധികം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള കരാറുകാർ
(ഷാഹുൽ ഹമീദ് കെ.എ
അനസ് കെ.എം
മുഹമ്മദ് കുഞ്ഞ് നൈന
ക്ലീറ്റസ് സെബാസ്റ്റ്യൻ,
ഷൌക്കത്ത് അലി വി.എം
സിയാദ് മേത്തർ)
എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം( 4/27.6.2022)നല്കിയതിന് മേൽസസൂചിപ്പിച്ചവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.നികുതി ഒടുക്കുവാൻബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 ആവശ്യമായഫീസീടാക്കാതെ ലൈസൻസ് നൽകി

പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.
1) 1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടികII പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസീടാക്കേണ്ടത്. 2020-21 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചുപ്രകാരം ഇവയോടൊപ്പം ഹാജരാക്കിയിട്ടുള്ള മറ്റ് വകുപ്പുകളുടെ ക്ലിയറൻസിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധനനിക്ഷേപം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കികൊണ്ടിരിക്കുന്നത്.

| ക്രമ നം | സ്ഥാപനം/വിലാസം | മറ്റ് വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് | പട്ടിക II പ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | രേഷ്മ ബേബി,ലേക്ക് കനോപ്പി റിസോർട്ട്<br>10/840A To L | PCB/ALP/UCO/5109 /22.1.2019<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-600 ലക്ഷം | 10000/- | 4000/-<br>രസീത് നം-119010106447/ 27.2.2020 |
| 2 | പാം ഫൈബർ ഇൻഡ്യ പ്രൈ.ലിമിറ്റഡ്<br>13/57to66,66A, | PCB/RO/ALPA/ICO-R/05/2018/<br>13.12.2018പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-16.16 കോടി.(തൊഴിൽ നികുതി പത്രിക പ്രകാരം 524 തൊഴിലാളികളുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്.) | 15000/- | 4000/-<br>രസീത് നം 119010106549/ 29.2.2020 |
| 3 | അലക്സ്ജോസഫ് എൻ.സി.ജോൺ&സൺസ് പ്രൈ.ലിമിറ്റഡ്- | PCB/ALP /ICO-5288/188/ | 10000/- | 4000/-<br>രസീത് നം 119010500098/17.2.2020 |

| | | | | |
|---|---|---|---|---|
| | 1/519,കയർ ബ്രഷ് മാറ്റ് നിർമ്മാണം | 30.6.2018പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം- 248.84 ലക്ഷം. | | |

2) യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് പുതുക്കുമ്പോൾ പട്ടികIII പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണെങ്കിലും താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിലും അവയോടോപ്പം ഹാജരാക്കിയിരിക്കുന്ന മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്കാനുപാതികമായി മോട്ടോർറണ്ണിംഗ് ഫീസീടാക്കിയില്ല

| ക്രമ നം | സ്ഥാപനം/വിലാസം | മറ്റ് വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് | പട്ടിക II പ്രകാരം ഈടാക്കേണ്ട മോട്ടർറണ്ണിംഗ് ഫീസ് | ഈടാക്കിയ മോട്ടർറണ്ണിംഗ് ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | പാം ഫൈബർ ഇൻഡ്യ ലിമിറ്റഡ് | 1160Hp | 11600 | 2000 രസീത് നം 119010106549 /29.2.2020 | 8600/- |
| | | | | | |

.3)വില്യം ഗുഡേക്കർ & സൺസ് ,കലവൂർ സ്ഥാപനത്തിലെ 64 ജീവനക്കാരുടെ തൊഴിൽ നികുതി 2020-21 സാമ്പത്തിക വർഷത്തിൽ അടച്ചിട്ടുണ്ടെങ്കിലും സ്ഥാപനം ലൈസൻസ് എടുത്തിട്ടില്ല.

4,പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകൾ എന്നിവയും ലൈസൻസ് എടുത്തിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി( 8/27.6.2022)നൽകിയതിന് മേൽ സൂചിപ്പിച്ച് സ്ഥാനങ്ങളിൽനിന്നും ബാലൻസ് ഫീസ് ഈടാക്കുന്നതിനും ലൈസൻസ് ഇല്ലാത്തവയെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയക്കുന്നതുമാണെന്ന് മറുപടി ലഭിച്ചു.ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരംആവശ്യമായഫീസ് ഈടാക്കി മാത്രം ലൈസൻസ് നൽകേണ്ടതാണ്.

## 1-13 മഴക്കാലപൂർവ്വ ശുചീകരണം ഫണ്ട് വകമാറ്റി ചെലവഴിച്ചു

മഴക്കാല പൂർവ്വശുചീകരണത്തിനായി 230000/- രൂപ ചെക്ക് നം 51627/4.6.2020 പിൻവലിച്ച് 23 വാർഡുകളിലെ വാർഡുതല സാനിറ്റേഷൻ സമിതിയുടെ അക്കൌണ്ടിലേക്ക് 10000/-രൂപ വീതം നൽകിയിട്ടുണ്ട്. ഈ തുകയുടെ ചെലവ് വിവരം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1) 8-ാം വാർഡിന്റെ സാനിറ്റേഷൻ സമിതിയുടെ അക്കൌണ്ടിലെക്ക് 12.6.2020ൽ ക്രെഡിറ്റായിട്ടുള്ള 10000/- നാളിതുവരെ പിൻവലിച്ച് ചെലവഴിച്ചിട്ടില്ല.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം (7/27.6.2022)നൽകിയതിന് മറുപടി ലഭ്യമാക്കിയതു പ്രകാരം കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട കാലയളവിൽ വാർഡ് സാനിട്ടേഷൻ കമ്മിറ്റി കൂടി ഉചിതമായ തീരുമാനം എടുക്കാൻ സാധിക്കാതെ വന്നതിനാലാണ്8-ാം വാർഡിന്റെ സാനിട്ടേഷൻസമിതിയുടെ അക്കൌണ്ടിൽ ക്രഡിറ്റായ തുക ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതെന്നാണ്.ആയതിനാൽ ടി തുക പഞ്ചായത്തിലേക്ക് തിരികെ ഒടുക്കുകയോ പഞ്ചായത്തിന്റെ തീരുമാനപ്രകാരം ചെലവഴിക്കുകയോ ചെയ്യേണ്ടതാണ്.

2) 4-ാം വാർഡിന്റെ സാനിറ്റേഷൻ സമിതിക്ക് ലഭിച്ച 10000/- രൂപയുടെ ചെലവ് വൌച്ചറുകൾ പരിശോധിച്ചതിൽ 2500/- രൂപ ചെലവഴിച്ചതിന് ലോക്ക് ഡൌൺ കാലയളവിൽ കോവിഡ് പ്രധിരോധപ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ ഭക്ഷണ സാധനങ്ങൾ എത്തിച്ച വകയിൽ ഷൈഫുദ്ദീൻ എന്ന വ്യക്തി 2500/- രൂപ കൈപ്പറ്റിയതിന്റ രേഖയാണ് ലഭ്യമാക്കിയത് . മഴക്കാലപൂർവ്വ ശുചീകരണത്തിനായി നൽകിയ തുക മറ്റ് പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം (7/27.6.2022)നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.
ലക്ഷക്കണക്കിനു രൂപ കോവിഡ് പ്രധിരോധത്തിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ടെന്നിരിക്കെ പഞ്ചായത്തിന്റെ അനുമതി പോലുമില്ലാതെ ഫണ്ട് വകമാറ്റി ചെലവഴിച്ചത് അംഗീകരിക്കുന്നില്ല.ആയതിനാൽ 2500/-രൂപ തിരികെ പഞ്ചായത്തിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രോജക്ട് നം.7

പ്രോജക്ടിന്റെ പേര്: എ.ബി.സി പ്രോഗ്രാം

അടങ്കൽ -വികസന ഫണ്ട് (ജനറൽ): 200000/-രൂപ

ചെലവ്:- 200000/-രൂപ (ട്രഷറി ബിൽ നം.57 തീ.18.03.2021)

നിർവഹണം:- സെക്രട്ടറി

ഈ പദ്ധതിയുടെ നിർവഹണത്തിലേക്കായി മേൽ ബിൽ പ്രകാരം 2 ലക്ഷം രൂപ ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 ഐ.കെ.എം വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ടിന്റെ പേര് : ഐ.കെ.എം വിഹിതം അടവാക്കൽ

പ്രോജക്ട് നം. : 2/2021

അടങ്കൽ : വികസന ഫണ്ട് - 151845/-

ചെലവ് : 151845/- (ട്രഷറി ബിൽ നം.16 തീ.24.06.2020)

നിർവഹണം: സെക്രട്ടറി

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നിന്നും ഐ.കെ.എം-നുള്ള വിഹിതമായി മേൽ പ്രോജക്ട് പ്രകാരം 151845/- രൂപ ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) മറുപടി ലഭ്യമാക്കിയില്ല.

കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 സബ്സിഡി മർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചു.

പ്രോജക്ടിന്റെ പേര് : അംഗൻവാടി കുട്ടികൾക്ക് യൂണിഫോം

പ്രോജക്ട് നം. : 56

അടങ്കൽ : വികസന ഫണ്ട്- 200000/-രൂപ

തനത് ഫണ്ട് - 200000/- രൂപ

ആകെ - 400000/-രൂപ

ചെലവ് : 343144/- (1.ബിൽ നം.23 തീ.03.03.2021-200000/-രൂപ

2.ചെക്ക് നം.62402 തീ.30.03.2021 143144/-രൂപ)

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പിന്റെ 14.02.2018-ലെ സ.ഉ(കൈ)നം. 22/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 5.6 പ്രകാരം പട്ടികജാതി പട്ടികവർഗം വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം, സ്പോർട്സ് ജഴ്സി എന്നിവ ഒഴികെയുള്ള വസ്തുങ്ങളും യൂണിഫോമുകളും നല്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത നിർദേശം പരിഗണിക്കാതെ 2020-21 സാമ്പത്തിക വർഷം അംഗൻവാടി കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 2.2 പ്രകാരം മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ ഈ പദ്ധതി നിർവഹണത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി സമ്പാദിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീ.24.06.2022) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

## 1-17 ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക ലഭിക്കാത്തത് സംബന്ധിച്ച്.

പ്രോജക്ടിന്റെ പേര് : മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും

പ്രോജക്ട് നം. : 44

അടങ്കൽ : വികസന ഫണ്ട്- 1150000/-രൂപ

തനത് ഫണ്ട് - 100000/- രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 600000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം - 600000/-രൂപ

ആകെ - 2450000/-രൂപ

ചെലവ് : 2444000/- (1.ബിൽ നം.9 തീ.11.11.2020-304200/-രൂപ

2.ബിൽ നം.12 തീ.13.01.2021-237000/-രൂപ

3.ബിൽ നം.13 തീ.13.01.2021-301200/-രൂപ

4.ബിൽ നം.18 തീ.22.01.2021-298800/-രൂപ

5.ബിൽ നം.25 തീ.20.03.2021-913000/-രൂപ

6.ചെക്ക് നം.JF-0598039തീ.29.03.2021 295800/-രൂപ )

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 2020-21സാമ്പത്തിക വർഷം മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും ഇനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് (യു.റ്റി.ആർ) നമ്പർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യു.റ്റി.ആർ നം. | തുക |
|---|---|---|---|
| | ബിൽ റെഫറൻസ് നം .20060152014100917253 | | |
| 1 | കണ്ണൻ അശോക് | U000000836472004 | 3000 |
| 2 | ഷാഹുൽ ഹമീദ് | U000000836471980 | 3000 |
| 3 | ഡിനു.എം | U000000836472026 | 3000 |
| 4 | ചന്ദ്രകാന്ത്.എം.എസ് | U000000836472056 | 3000 |
| 5 | മുഹമ്മദ് അമീർ | U000000836475106 | 3000 |
| 6 | അഭിരാമി അജയകുമാർ | U000000836475164 | 3000 |
| | ബിൽ റെഫറൻസ് നം. 20060152014101241199 | | |
| 7 | ഡിനു.എം | U000000852421400 | 9020 |
| 8 | ചന്ദ്രകാന്ത്.എം.എസ് | U000000852421394 | 9020 |
| 9 | മുഹമ്മദ് അമീർ | U000000852421546 | 9020 |

| | | | |
|---|---|---|---|
| | ബിൽ റെഫറൻസ് നം .20060152014100656890 | | |
| 10 | മുഹമ്മദ് അമീർ | U000000822180608 | 3000 |
| | ബിൽ റെഫറൻസ് നം .20060152014100917256 | | |
| 11 | കണ്ണൻ അശോക് | U000000836475168 | 3000 |
| 12 | ഷാഹുൽ ഹമീദ് | U000000836475180 | 3000 |
| 13 | ഡിനു.എം | U000000836475222 | 3000 |
| 14 | ചന്ദ്രകാന്ത്.എം.എസ് | U000000836475272 | 3000 |
| 15 | മുഹമ്മദ് അമീർ | U000000836475294 | 3000 |
| 16 | അഭിരാമി അജയകുമാർ | U000000836475366 | 3000 |
| | ബിൽ റെഫറൻസ് നം .20060152014100975200 | | |
| 17 | ഷാഹുൽ ഹമീദ് | U000000838210830 | 3000 |
| 18 | ഡിനു.എം | U000000838210874 | 3000 |
| 19 | ചന്ദ്രകാന്ത്.എം.എസ് | U000000838210906 | 3000 |
| 20 | മുഹമ്മദ് അമീർ | U000000838210926 | 3000 |
| | | ആകെ | 78060 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീ.24.06.2022) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾക്കർഹമായ തുക അവരുടെ അക്കൌണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പദ്ധതി നിർവഹണം- പ്രോജക്ട് ചെലവുകൾ ചെലവ് പത്രികയിൽ ഉൾപ്പെടാത്തത് സംബന്ധിച്ച്

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ തൻവർഷം താഴെപ്പറയുന്ന പ്രോജക്ടുകളിൽ വികസന ഫണ്ടിൽ(ജനറൽ) നിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രോജക്ടുകൾ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് പ്രോജക്ട് നം | തുക | നിർവഹണോദ്യോഗസ്ഥന് |
|---|---|---|---|
| 1 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 295800 (BP Share) | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 2 | സ്കിൽ ഡെവലപ്മെന്റ് സെന്റർ ചുറ്റുമതിൽ | 446273/-രൂപ | അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 742073 | |

മേൽ പ്രോജക്ടിൽ ആദ്യത്തേതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ചെക്ക് പ്രകാരം ലഭ്യമായ തുക ചെലവഴിച്ചെങ്കിലും ആയത് എക്സ്പന്റീച്ചർ ആയി സുലേഖയിൽ ബുക്ക് ചെയ്തില്ല. രണ്ടാമത്തെ പ്രവർത്തിക്ക് 162-ാം നമ്പറായി സ്പിൽ ഓവർ പ്രോജക്ടും, 130-ാം നമ്പറായി പുതിയ ആവിഷ്കരിക്കുകയും ചെയ്തിരുന്നു. ഇതിൽ 162-ാം നമ്പർ സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യുകയും പിന്നീട് ഈ പ്രോജക്ട് റിവിഷനിൽ ഡ്രോപ്പ് ചെയ്യുകയാണുണ്ടായതെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. തന്മൂലം ഈ പ്രോജക്ടുകളൊ പ്രോജക്ടുകളുടെ ചെലവുകളൊ പഞ്ചായത്തിന്റെ 2020-21-ലെ ചെലവ് പത്രികയിൽ ഉൾപ്പെട്ടു വന്നില്ല. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടി തുക ചെലവഴിച്ച പ്രോജക്ട് പ്രോജക്ട് റിവിഷനിൽ ഡ്രോപ്പ് ചെയ്യാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് ഓഫീസ് നവീകരണം- നിർവഹണ ഏജൻസിയിൽ നിന്നും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയില്ല.

പ്രോജക്ട് നം - 219/21

പ്രോജക്ടിന്റെ പേര് -പഞ്ചായത്ത് ഓഫീസ് നവീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ

തനത് ഫണ്ട് -800000/-

ചെലവ് -800000/-രൂപ- (1.ചെക്ക് നം. തീ. 403018/-രൂപ

2.ചെക്ക് നം. തീ. 396982/-രൂപ )

പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി തൻവർഷം ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് മേൽ ചെക്കുകൾ പ്രകാരം എട്ട് ലക്ഷം രൂപ നല്കിയിട്ടുണ്ട്. എന്നാൽ നിർവഹണ ഏജൻസിക്ക് അനുവദിച്ച ബില്ലിൽ നിന്നും 1% നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയില്ല. ആകെ വേലമൂല്യത്തിന്റെ 1% (8000/-രൂപ) ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതായിരുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) മറുപടി ലഭ്യമാക്കിയില്ല. നിർവഹണ ഏജൻസിയിൽ നിന്നും 1% നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കി യഥാസ്ഥാനത്ത് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ്-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കുന്നതിനായി മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ തൻവർഷം താഴെപ്പറയും പ്രകാരമുള്ള 3 പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നു.

| പ്രോജക്ട് നം | 223 (സ്പിൽ | 316 | 386 |
|---|---|---|---|

| | | | |
|---|---|---|---|
| | ഓവർ) | | |
| പ്രോജക്ടിന്റെ പേര് | പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ് | പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ് | പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ് തുക നൽകൽ |
| അടങ്കൽ | 200000 (തനത് ഫണ്ട്) | 200000 (തനത് ഫണ്ട്) | 200000 (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| ചെലവ് | 141550/-രൂപ | 165805/-രൂപ | 83860/-രൂപ |
| | | | |

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 28.05.2020-ലെ 1(7)-ാം നമ്പർ തീരുമാന പ്രകാരം വിവിധ വാർഡുകളിലും എം.സി.എഫ് കെട്ടിടത്തിലും ശേഖരിച്ച് വെച്ചിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വാഹന വാടക, കയറ്റിറക്ക് കൂലി, പ്ലാസ്റ്റിക് മാലിന്യത്തിന്റെ വില എന്നിവ ഉൾപ്പെടെ 5/-രൂപ നിരക്കിൽ സജീദ്.എ, വടക്കേ കോവൂർ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ച് നല്കിയിരുന്നു. പഞ്ചായത്തുമായി എഗ്രിമെന്റ് വെയ്ക്കുന്നതിലേയ്ക്ക് ടിയാൻ മുദ്രപത്രം വാങ്ങി നല്കിയിട്ടുണ്ടെങ്കിലും കരാർ എഴുതി തയ്യാറാക്കിയതായി കാണുന്നില്ല. ടിയാൻ 2020 ജൂൺ, ജൂലൈ മാസങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുകയും പഞ്ചായത്തിൽ നിന്നും ആയതിന്റെ ബിൽ മാറി നല്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ പിന്നീട് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യാത്തതിനെ തുടർന്ന് 18.12.2020-ൽ കരാറുകാരന് നോട്ടീസ് നല്കിയിട്ടുണ്ട്. തുടർന്ന് കരാറുകാരൻ 5/-രൂപ നിരക്കിൽ മാലിന്യം ശേഖരിക്കാൻ സാധിക്കില്ലായെന്ന് അറിയിക്കുകയും തുടർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 22.01.2021-ലെ 9(1)-ാം നമ്പർ തീരുമാന പ്രകാരം ഷിഹാബുദീൻ, തെക്കേളെട്ടമ്പിത്തറയിൽ എന്ന വ്യക്തിക്ക് 7/-രൂപ നിരക്കിൽ കരാർ ഉറപ്പിച്ച് നല്കുകയും ചെയ്തിരിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം കരാറുകാരൻ കരാർ ഉടമ്പടിയുടെ വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ കരാർ റദ്ദാക്കാവുന്നതും അതു മൂലം പഞ്ചായത്തിന് നേരിട്ടേക്കാവുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. ആദ്യ കരാറുകാരൻ സജീദ്.എ, വടക്കേ കോവൂർ എന്ന വ്യക്തി കരാർ ലംഘനം നടത്തി പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാതിരുന്നതു മൂലം പുതുതായി കരാർ ക്ഷണിച്ച് ഷിഹാബുദീൻ, തെക്കേളെട്ടമ്പിത്തറയിൽ എന്ന വ്യക്തിക്ക് കരാർ നല്കിയപ്പോൾ പഞ്ചായത്തിന് കിലോഗ്രാമിന് 2/-രൂപ നിരക്കിൽ അധിക ചെലവുണ്ടായിട്ടുണ്ട്. ഷിഹാബുദീൻ എന്ന കരാറുകാരന് തൻവർഷം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് (കി.ഗ്രാം) | നല്കിയ തുക (കി.ഗ്രാമിന് 7/-രൂ നിരക്കിൽ) | അധികം നല്കിയ തുക (കി.ഗ്രാമിന് 2/-രൂ നിരക്കിൽ) | ചെക്ക് നം. തീ |
|---|---|---|---|
| 9540 | 66780 | 19080 | 59465/01.02.2021 |
| 5600 | 39200 | 11200 | 59498/11.02.2021 |
| 4170 | 29190 | 8340 | 61144/01.03.2021 |
| 2210 | 15470 | 4420 | 61215/19.03.2021 |
| | ആകെ | 43040/-രൂപ | |

കരാർ ലംഘനം മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ നഷ്ടമായ തുക യഥാസമയം നടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) ലഭ്യമാക്കിയ മറുപടിയിൽ ക്ലീൻ കേരള കമ്പനിയിൽ കിലോഗ്രാമിന് 10/- രൂപ നിരക്കിലാണ് മാലിന്യം ശേഖരിക്കുന്നതെന്നും ആയതിനാൽ പഞ്ചായത്തിന് ഈ പ്രവർത്തിയിൽ നിന്നും നഷ്ടമല്ല ലാഭമാണുണ്ടായതെന്നും പറഞ്ഞിരിക്കുന്നു. ക്വട്ടേഷൻ നടപടികളിലൂടെ ലഭ്യമായ കുറഞ്ഞ നിരക്കും ക്ലീൻ കേരള കമ്പനിയുടെ നിരക്കും തമ്മിൽ താരതമ്യം ചെയ്ത് ലാഭം ഉണ്ടായതായി സ്ഥാപിക്കുന്നത് യുക്തിസഹമല്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

## 1-21 ജി.എസ്.റ്റി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല.

പ്രോജക്ട് നം.41

പ്രോജക്ടിന്റെ പേര്: അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി

അടങ്കൽ -വികസന ഫണ്ട് : 3500000/-രൂപ

കേന്ദ്രാവിഷ്കൃത ഫണ്ട്-1200000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം- 200000/-രൂപ

തനത് ഫണ്ട് - 600000/-രൂപ

ആകെ - 5500000/- രൂപ

ചെലവ്:- 4648869/-രൂപ

കേന്ദ്ര ചരക്ക സേവന നികുതി നിയമം 2017 (2017-ലെ 12-ാം നിയമം), കേരള ചരക്ക സേവന നികുതി നിയമം 2017 (2017-ലെ 20-ാം നിയമം) എന്നീ നിയമങ്ങളിലെ സെക്ഷൻ 51 അനുസരിച്ച് ഒരു കരാറിൻ പ്രകാരം രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയൊ സേവനങ്ങളുടെയൊ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%) ഉറവിടത്തിൽ നിന്നും കുറവ് ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (റവന്യു വിഭാഗം) 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ ആയത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ

2020-21 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതിയിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിന് കരാർ എടുത്ത പൊന്നൂസ് അമൃതം ഫുഡ് സപ്ലിമെന്റ്, കൈതത്തിൽ എന്ന സ്ഥാപനത്തിന് തൻവർഷം ആകെ 2068836/-രൂപ വിവിധ ബില്ലുകൾ പ്രകാരം നല്കിയതായി കാണുന്നു. എന്നാൽ ടി സ്ഥാപനത്തിന് പേയ്മെന്റ് നടത്തിയപ്പോൾ ഉറവിടത്തിൽ നിന്നും ജി.എസ്.റ്റി കുറവ് ചെയ്തതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം. | തീയതി | തുക |
|---|---|---|
| 67 | 25.03.2020 | 192165 |
| 77 | 21.04.2020 | 226637 |
| 83 | 28.05.2020 | 238985 |
| 94 | 06.07.2020 | 233325 |
| 7 | 30.09.2020 | 246187 |
| 99 | 08.08.2020 | 226122 |
| 17 | 23.11.2020 | 249018 |
| 24 | 29.12.2020 | 249789 |
| 37 | 08.02.2021 | 206608 |
| ആകെ | | 2068836 |

ജി.എസ്.റ്റി സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിന്റെ കാരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീ.24.06.2022) മറുപടി ലഭ്യമാക്കിയില്ല. . മേൽ സ്ഥാപനങ്ങൾ സപ്ലൈ ചെയ്ത സാധനങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തെളിവുകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ആർദ്രമീ ആര്യാട് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ട് നം.218

പ്രോജക്ടിന്റെ പേര്: ആർദ്രമീ ആര്യാട് ജനകീയ ജീവിതശൈലി രോഗ പ്രതിരോധ പരിപാടി (ബ്ലോക്ക് വിഹിതം നല്കൽ)

അടങ്കൽ -വികസന ഫണ്ട് (ജനറൽ): 200000/-രൂപ

ചെലവ്:- 197136/-രൂപ (1.ബിൽ നം.97 തീ.02.06.2020-118536/- രൂപ

2.ബിൽ നം.480 തീ.26.02.2021-38500/- രൂപ

3.ബിൽ നം.586 തീ.25.03.2021-40100/- രൂപ)

നിർവഹണം:- സെക്രട്ടറി

ഈ പദ്ധതിയുടെ നിർവഹണത്തിലേക്കായി മേൽ ബിൽ പ്രകാരം 197136 രൂപ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 പത്ര പരസ്യം-അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാത്തത് സംബന്ധിച്ച്.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.9/2021) താഴെപ്പറയും പ്രകാരം നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽനം.തീ | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | പത്രത്തിന്റെ പേര് | ചെക്ക് നം./തീ |
|---|---|---|---|---|
| KOCKL110072654/08.05.2020 | 6804 | 1021 | ഇന്ത്യൻ എക്സ്പ്രസ് | 2870210/18.06.2020 |
| KOCKL110072384/18.03.2020 | 4536 | 680 | | 2870210/18.06.2020 |
| KOCKL110073091/20.06.2020 | 4536 | 680 | | 2870222/22.07.2020 |
| KOCKL110073391/11.07.2020 | 6804 | 1021 | | 2870231/18.08.2020 |
| KOCKL110073767/08.08.2020 | 3402 | 510 | | 2870232/23.08.2020 |
| KOCKL110073927/20.08.2020 | 3402 | 510 | | 2870245/22.09.2020 |
| KOCKL110074317/11.09.2020 | 5670 | 851 | | 2870249/27.10.2020 |
| KOCKL110074711/01.10.2020 | 3402 | 510 | | 2870256/23.11.2020 |
| KOCKL110075401/07.11.2020 | 4536 | 680 | | 2870261/14.12.2020 |
| ആകെ | | 6463 | | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 6463/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) അധികം നല്കിയ തുക പത്രസ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി അറിയിക്കാമെന്ന് മറുപടി നല്കി. തുക സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്നില്ലായെങ്കിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

1)എസ്.എസ്.എ.വിഹിതം വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല

| പ്രോജക്ട് നം | അടങ്കൽ | ചെലവ് |
|---|---|---|
| SO 152/21<br>2019-20ലെ വിഹിതം | 200000/-(വികസന ഫണ്ട്) | ബിൽ നം 2/21.4.2020-<br>200000/- |
| S003/21<br>2020-21വിഹിതം | 2300000/-(വികസനഫണ്ട്) | ബിൽ നം 8/30.6.2020-<br>2300000/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ബില്ലുകൾ പ്രകാരം എസ്.എസ്.കെ യിലേക്ക് 2019-20ലെ വിഹിതത്തിൽ കൊടുക്കാനുണ്ടായിരുന്ന 2ലക്ഷം രൂപയും 2020-21ലെ വിഹിതമായി 23ലക്ഷം രൂപയും നൽകിയിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഹെഡ്മാസ്റ്റർ യു.പി സ്കൂൾ 2020-21ൽ നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം നിരവധി വാങ്ങലുകൾ നടത്തിയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല.

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(32/30.6.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.സ്റ്റോക്ക് രജിസ്റ്ററിലെ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-25 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു
I)പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്നു കാണുന്നു . ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച/രജിസ്റ്റർ ചെയ്ത തീയതി/ | അനർഹമായ കാലയളവ്/തുക | തിരികെ ഒടുക്കേണ്ട തുക |
|---|---|---|---|---|---|
| 1 | എ.കെ.മദുസൂദൻ, ചക്കാലിച്ചിറ | വികലാംഗപെൻഷൻ 104450400506 | 8.5.2020/ 17.6.2020 | 6/2020 മുതൽ 5/2022വരെയുള്ള 33800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. (എസ്.ബി.ഐ) | 33800/- |
| 2 | ബീപാത്തുമ്മ, ഉത്തിക്കാട് | വാർദ്ധക്യകാല പെൻഷൻ 104450204293 | 4.7.2020/ 30.7.2020 | 8/2020മുതൽ 5/2022വരെയുള്ള 13200/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു (എസ്.ബി.ഐ) | 13200/- |
| 3 | ബേബി.പി.കെ പൊറ്റയിൽ | വികലാംഗ പെൻഷൻ 104450400391 | 18.8.2020/ 4.9.2020 | 9/2020മുതൽ 5/2022വരെയുള്ള 32500/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു (ഐ.ഒ.ബി) | 32500/- |
| 4 | അബ്ദുൾഖാദർ, ഈരേവെളിയിൽ | വാർദ്ധക്യകാല പെൻഷൻ 104450205064 | 20.8.2020/ 8.9.2020 | 9/2020മുതൽ 5/2022വരെ 32500/-രൂപ (എസ്.ബി.ഐ) ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു . | 32500/- |
| 5 | വർഗീസ് ,സിനോജ് ഭവനം | ,, 104450200762 | 30.9.2020 30.10.2020 | 10/2020മുതൽ 5/2022വരെ 31100/-രൂപ (എസ്.ബി.ഐ) ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു . | 31100/- |
| 6 | ദ്രശ്ശള, കറ്റിപ്പുറത്തുവെളി | ,, 104450200162 | 21.9.2020/ 3.11.2020 | 10/2020മുതൽ 5/2022വരെ 31400/-രൂപ (എസ്.ബി.ഐ) ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു . | 31400/- |
| 7 | പി.കെ .അപ്പുക്കുട്ടൻ കുറുപ്പംവീട് | ,, 104450204833 | 11.112020/ 30.11.2020 | 12/2020മുതൽ 5/2022വരെ | 28300/- |

| | | | | | |
|---|---|---|---|---|---|
| | | | | 28300/-രൂപ ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു | |
| 8 | കെ.പി.കുഞ്ഞുമണി, നായ്ക്കുപറമ്പ് | ,, 104450204376 | 23.11.202024.12.2020 | 12/2020മുതൽ 5/2022വരെ 28300/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 28300/- |
| 9 | മണിയപ്പൻ, മറ്റത്തിവെളി | ,, 104450203283 | 4.12.2020 1.1.2020 | 1/2021മുതൽ 5/2022വരെ 26900/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 26900/- |
| 10 | തങ്കമ്മ, പൊക്കത്ത് വീട് | ,, 104450202587 | 29.11.2020 8.1.2021 | 12/2020മുതൽ 5/2022വരെ 10800/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 10800/- |
| 11 | മുഹമ്മദ് റഷീദ് ചക്കാലവെളിയിൽ | ,, 104450201250 | 26.10.2020/ 24.11.2020 | 11/2020മുതൽ 5/2022വരെ 29700/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 29700/- |
| 12 | ശാന്തകുമാർ കൊച്ചീത്ര | ,, 104450200397 | 25.12.2020/ 13.1.2021 | 1/2021മുതൽ 5/2022വരെ 26900/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 26900/- |
| ആകെ | | | | | 3,25400/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കിയോ/ ബാങ്ക് അക്കൌണ്ടിൽ തുക നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കേരളബാങ്കിലെ അക്കൌണ്ടിലേക്ക് ഒടുക്കിയതിന്റെ ( A/c 001101023000269,IFS Code KSBK0000101) വിശദാംശം ലഭ്യമാക്കേണ്ടതാണ്.

II) പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിലെ ഡെത്ത് റിപ്പോർട്ട് പരിശോധിച്ചതിൽ മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവനഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ വളരെയധികം കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്കും,നേരിട്ട് പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സഹകരണബാങ്കുകളിലെ അക്കൌണ്ടുകളിലേക്കും നൽകിയിട്ടുണ്ട്.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചവർ

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ കാലയളവ്/ തുക | തിരികെ ഒടുക്കേണ്ട ആകെ തുക |
|---|---|---|---|---|---|
| 1 | കനകമ്മ ശ്രീവിലാസം, കാവുങ്കൽ | വാർദ്ധക്യകാല പെൻഷൻ 104450203251 | 16.5.2020/ 16.5.2021 | 6/2020 മുതൽ 4/2021 വരെയുള്ള 7200/-രൂപ ഫെഡറൽ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | 7200/- |
| 2 | നബീസാഉമ്മ നമ്പിനാവെളി | വാർദ്ധക്യകാല പെൻഷൻ 104450202897 | 12.6.2020 6.2.2021 | 7/2020 മുതൽ 1/2021 വരെയുള്ള 4200-രൂപ ഫെഡറൽ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 4200/- |
| 3 | ബീമാ,കാരിക്കശേരിൽ | ,, 104450204892 | 7.6.2020/ 9.1.2021 | 7/2020 മുതൽ 1/2021 വരെയുള്ള3000/- -രൂപ എസ്.ബി.ഐ.ബാങ്ക് അക്കൌണ്ടിൽ | 3000/- |

| | | | | | |
|---|---|---|---|---|---|
| | | | | നിക്ഷേപിച്ച | |
| 4 | മുഹമ്മദ് ഷരീഫ്, ബ്ലാവത്ത് | ,, 104450202134 | 16.7.2020/ 20.11.2021 | 8/2020 മുതൽ 2/2021 വരെയുള്ള 6200/-രൂപ SBI അക്കൌണ്ടിൽ നിക്ഷേപിച്ചു. 3/2021 മുതൽ 10/2021 വരെയുള്ള 14100/-രൂപ ബാങ്കിനകൈമാറി | 20300/- |
| 5 | രുദ്രാണി , പാലക്കൽ | കർഷകത്തൊഴിലാളി പെൻഷൻ 104450100128 | 30.7.2020/ 19.1.2021 | 8/2020 മുതൽ 11/2020 വരെയുള്ള 3000/-രൂപ എസ്.ബി.ഐ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 3000/- |
| 6 | സരസമ്മ മുണ്ടച്ചിറ | വാർദ്ധക്യകാല പെൻഷൻ 104450203085 | 12.9.2020/ 18.12.2021 | 10/2020 മുതൽ 11/2021 വരെയുള്ള 8400/-രൂപ എസ്.ബി.ഐ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 8400/- |
| 7 | ഗംഗാധരൻ.കെ.എൻ മൊഴപ്പുറത്ത് | ,, 104450202427 | 29.10.2020 19.11.2021 | 11/2020 മുതൽ 10/2021 വരെയുള്ള 7200/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 7200/- |
| 8 | രുഗ്മിണി അമ്മ ചക്കാലവെളിയിൽ ,229 | ,, 104450202187 | 6.2.2021 10.2.2022 | 3/2021 മുതൽ 10/2021 വരെയുള്ള 4800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 11/2021 മുതൽ 1/2022 വരെയുള്ള 1800/-രൂപ ബാങ്കിന കൈമാറി | 6600/- |
| ആകെ | | | | | 59900/- |

അക്കൌണ്ടിൽ നിക്ഷേപിച്ച തുക അനന്തരാവകശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഒടുക്കവരുത്തി വിവരം ലഭ്യമാക്കിയാലും

2) സഹകരണ ബാങ്കുകൾ വഴി (ഡയറക്ട് ടു ഹോം)

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | കൈമാറാൻ സാധിക്കാതെ സഹകരണ ബാങ്കിൽ നിലനിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പൊന്നപ്പൻ, തെക്കേവെളി | വാർദ്ധക്യകാല പെൻഷൻ 104450200153 | 14.6.2020/ 12.11.2021 | 27700/- | 5/2020 മുതൽ 10/2021 വരെയുള്ളത് |
| 2 | നാരായണി, ജിജി നിവാസ് | കർഷകത്തൊഴിലാളി പെൻഷൻ 104450100966 | 16.7.2020/ 19.6.2021 | 18500/- | 5/2020 മുതൽ 5/2021 വരെയുള്ളത് |
| 3 | ഭാർഗവി, നാളികാട് | വാർദ്ധക്യകാല പെൻഷൻ 104450201448 | 20.7.2020/ 19.6.2021 | 19700/- | 5/2020 മുതൽ 5/2021 വരെയുള്ളത് |
| 4 | ഭവാനി വാസു മംഗലപ്പള്ളിച്ചിറ | കർഷകത്തൊഴിലാളി പെൻഷൻ 104450100618 | 3.8.2020 19.6.2021 | 18500/- | 5/2020 മുതൽ 5/2021 വരെയുള്ളത് |

മുകളിൽ സൂചിപ്പിച്ചവർക്ക് അനർഹമായ കാലയളവിലേക്ക് നൽകിയ തുകകൾ വ്യക്തികൾക്ക് കൈമാറാൻ സാധിക്കാതെ സഹകരണ ബാങ്കുകളിലെ അക്കൌണ്ടുകളിൽ നിലനിൽക്കുന്നതായാണ് ഡിബിടി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത് .ഈ തുകകൾ സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം

ലഭ്യമാക്കേണ്ടതാണ്.

III) ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശം നിലവിൽ നടപ്പിലാക്കുന്നുണ്ടോ?

2020-21 ൽ രജിസ്റ്റർ ചെയ്ത മരണപ്പെട്ടവരുടെ വിവരം പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യക്തി മറ്റ് പഞ്ചായത്തിലെ പെൻഷൻ ലിസ്റ്റിൽ ആക്ടീവായി തുടരുന്നു

| പേര്/വിലാസം | മരിച്ചതീയതി/റിപ്പോർട്ട് ചെയ്ത തീയതി | പ്രാദേശിക സർക്കാർ | പെൻഷൻ തരം/ഐഡി /ആധാർ നം |
|---|---|---|---|
| കെ.പി.ദാമോദരൻ കോതക്കേരിയിൽ | 22.8.2020<br>22.9.2020 | ഉദയനാപുരംഗ്രാമ പഞ്ചായത്ത്,കോട്ടയം | വാർദ്ധക്യകാല പെൻഷൻ/<br>105040200400/<br>324507417711 |

ടി വിവരം റിപ്പോർട്ടുചെയ്ത് അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(1/24.6.2022) നൽകിയതിനു മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡുചെയ്യുന്നതാണെന്നും അക്കൌണ്ടിലേക്കു നൽകിയ തുക തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം 97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

- പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
- മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.
- പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-26 വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുക - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്.

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ വിവിധ പ്രവർത്തികളുടെ നിർവഹണത്തിലേക്കായി കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ വിവിധ ഓഫീസുകളിലെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 3893644/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണം: സെക്രട്ടറി

1.പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

പ്രോജക്ട് നം. : 145/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - 3510331/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം - 1250000/- രൂപ

ആകെ - 4760331/-രൂപ

ചെലവ് : 3776214/-രൂപ(1.ട്രഷറി ബിൽ നം.6 തീ.19.05.2020- 330393/-രൂപ

2.ട്രഷറി ബിൽ നം.17 തീ.26.06.2020- 1357555/-രൂപ

3.ട്രഷറി ബിൽ നം.65 തീ.31.03.2021 -266589/-രൂപ

4.ട്രഷറി ബിൽ നം.39 തീ.17.11.2020 -1299456/-രൂപ

5.ട്രഷറി ബിൽ നം.40 തീ.17.11.2020 -522221/-രൂപ)

2.പ്രോജക്ടിന്റെ പേര് : പോസ്റ്റ് ഷിഫ്റ്റിംഗ്

പ്രോജക്ട് നം. : 188/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - 117430/-രൂപ

ചെലവ് : 117430/-രൂപ (ട്രഷറി ബിൽ നം.10 തീ.19.05.2020)

കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക (3893644/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-27 സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്കനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കിയില്ല

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന് 2020-21 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ അലോക്കേറ്റ് ചെയ്ത തുകയിൽ നിന്നും വിവിധയിനങ്ങളിൽ സോഴ്സ് ഡിഡക്ഷനിലൂടെ തുകകൾ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്കനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിലുള്ള ചെലവുകളൊന്നും തന്നെ പഞ്ചായത്തിന്റെ പദ്ധതി ചെലവിൽ ഉൾപ്പട്ടു വന്നിട്ടില്ല. വിവിധയിനങ്ങളിൽ ഈടാക്കിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

1.വികസന ഫണ്ട്-(ജനറൽ)

| അലോട്ട്മെന്റ് ഉത്തരവ് നം. | ലൈഫ് വായ്പ തിരിച്ചടവ് | അംഗൻവാടി ജീവനക്കാർക്കുള്ള പ്രതിഫലം |
|---|---|---|
| ജി.ഒ(ആർ.റ്റി) നം.4461/2020 ഫിൻ തീ.03.08.2020 | 2599600 | 715400 |

2.വികസന ഫണ്ട്-(എസ്.സി.പി)

| അലോട്ട്മെന്റ് ഉത്തരവ് നം. | ലൈഫ് വായ്പ തിരിച്ചടവ് |
|---|---|
| ജി.ഒ(ആർ.റ്റി) നം.4461/2020 ഫിൻ തീ.03.08.2020 | 36569 |
| ജി.ഒ(ആർ.റ്റി) നം.43/2020 ഫിൻ തീ.01.01.2021 | 36569 |

സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്ക് ജി.ഒ പ്രോജക്ട് ആവിഷ്കരിച്ച് ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-28 അഗതിരഹിത കേരളം പദ്ധതി - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര് : അഗതിരഹിത കേരളം പദ്ധതി

പ്രോജക്ട് നം. : 136/2021

അടങ്കൽ : വികസന ഫണ്ട് - 300000/-

ചെലവ് : 300000/- (ട്രഷറി ബിൽ നം.21 തീ.12.08.2020)

നിർവഹണം: സെക്രട്ടറി

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നിന്നും അഗതിരഹിത കേരളം പദ്ധതിക്കായി മേൽ പ്രോജക്ട് പ്രകാരം 300000/- രൂപ അഗതി രഹിത കേരളം പദ്ധതിക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അവലൂക്കുന്ന് ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, ഫയലുകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) മറുപടി ലഭ്യമാക്കിയില്ല. ഫയലുകൾ, കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തത് സംബന്ധിച്ച്.

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ വിവിധ പ്രവർത്തികളുടെ നിർവഹണത്തിലേക്കായി കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ആലപ്പുഴയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് 3514210/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണം: സെക്രട്ടറി

1.പ്രോജക്ടിന്റെ പേര് : പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

പ്രോജക്ട് നം. : 14/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - 2300000/-

ചെലവ് : 2298000/- (1).ട്രഷറി ബിൽ നം.46 തീ.06.02.2021-75000/-രൂപ

2).ട്രഷറി ബിൽ നം.58 തീ.17.03.2021-253000/-രൂപ

3).ട്രഷറി ബിൽ നം.65 തീ.31.03.2021 -1970000/-രൂപ)

2.പ്രോജക്ടിന്റെ പേര് : അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ

പ്രോജക്ട് നം. : 325/2021

അടങ്കൽ : വികസന ഫണ്ട്- 30000/-രൂപ

തനത് ഫണ്ട്- 200000/-രൂപ

ആകെ -230000

ചെലവ് : 210000/- (1.ട്രഷറി ബിൽ നം.31 തീ.15.09.2020-30000/-രൂപ

2.ചെക്ക് നം.2870245 തീ.22.09.2020 -180000)

3.പ്രോജക്ടിന്റെ പേര് : അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ

പ്രോജക്ട് നം. : 11/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - 400000/-

ചെലവ് : 400000/- (1.ട്രഷറി ബിൽ നം.32 തീ.15.09.2020-400000/-രൂപ)

നിർവഹണം: സെക്രട്ടറി

4.പ്രോജക്ടിന്റെ പേര് : പൈപ്പ് ലൈൻ വലിക്കൽ

പ്രോജക്ട് നം. : 273/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - 100000/-

ചെലവ് : 100000/- (1.ട്രഷറി ബിൽ നം.19 തീ.07.07.2020)

5.പ്രോജക്ടിന്റെ പേര് : പൈപ്പ് ലൈൻ വലിക്കൽ

പ്രോജക്ട് നം. : 300/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - 438000/-

ചെലവ് : 438000/- (ട്രഷറി ബിൽ നം.65 തീ.31.03.2021-438000/-രൂപ)

6.പ്രോജക്ടിന്റെ പേര് : തകിടിവെളി കോളനി RO പ്ലാന്റ് നവീകരണം

പ്രോജക്ട് നം. : 326/2021

അടങ്കൽ : വികസന ഫണ്ട് - 68210/-

ചെലവ് : 68210/- (ട്രഷറി ബിൽ നം.47 തീ.06.01.2021)

കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക (3514210/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-30 സി.എഫ്.എൽ.റ്റി.സി വൈദ്യുതീകരണം-നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും, ആദായ നികുതിയും കരാറുകാരനിൽ നിന്ന് ഈടാക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കി.

പ്രോജക്ട് നം - 383/21

പ്രോജക്ടിന്റെ പേര് - സി.എഫ്.എൽ.റ്റി.സി വൈദ്യുതീകരണം

അടങ്കൽ-തനത് ഫണ്ട് - 150000/-

ചെലവ് - 142449/-രൂപ- (ചെക്ക് നം.2870267 തീ.19.01.2021)

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ സി.എഫ്.എൽ.റ്റി.സി വൈദ്യുതീകരണം പ്രവർത്തികൾ എന്ന പ്രോജക്ടിനായി തൻവർഷം മേൽ ചെക്ക് പ്രകാരം 142449/-രൂപ-ചെലവഴിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഈ പ്രോജക്ടിന്റെ ബിൽ നല്കിയപ്പോൾ കരാറുകാരനിൽ നിന്നും ഈടാക്കേണ്ട നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും, ആദായനികുതിയും പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് നല്കിയതെന്ന് ബോധ്യപ്പെട്ടു. തന്മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും 2414/-രൂപയുടെ അധികച്ചെലവുണ്ടായതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം (എം. ബുക്ക് നം.544/20 പേജ് നം.12) | 120720 |
| 12% ജി.എസ്.റ്റി | 14486 |
| ആകെ | 135206 |
| എസ്റ്റിമേറ്റ് തയ്യാറാക്കൽ സൂപ്പർവിഷൻ, തുടങ്ങിയവയ്ക്കുള്ള റെമ്യൂണറേഷൻ (3%) | 3622 |
| ചെക്ക് മെഷർമെന്റിനുള്ള ഓണറേറിയം(1%) | 1207 |
| ആകെ | 140035/-രൂപ |
| കുറവ് ചെയ്യേണ്ട തുക | |
| നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം (1%) | 1207 |
| ആദായനികുതി(1%) | 1207 |
| ആകെ കുറവ് ചെയ്യേണ്ട തുക | 2414 |
| കരാറുകാരന് അനുവദനീയമായ തുക (135206-2414) | 132792 |
| അനുവദിച്ച തുക | 135206 |
| അധികം നല്കിയ തുക | 2414/- രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

## 1-31 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

I)മെഡിക്കൽ ഓഫീസർ പി.എച്ച്.സി(മണ്ണഞ്ചേരി ) നടപ്പിലാക്കിയ മരുന്നു വാങ്ങലുകൾ

1) S0067/21-പാലിയേറ്റീവ് കെയർ

അടങ്കൽ -500000/-(വികസനഫണ്ട്)

ചെലവ്-460090/-

സാന്ത്വനപരിചരണം പദ്ധതിയിലുൾപ്പെടുത്തി ബിൽ നം 13/20-21 തീ.25.3.2021 പ്രകാരം 49995/-രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും താഴെപ്പറയുന്ന ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്.

| പ്രഫോമ ഇൻവോയിസ് | ഇൻവോയിസ് നം/തീയതി | തുക | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|
| PRF 6290/173.21dt 17.3.2021-49995/- | 6579/23.9.21 | 20886/- | 9987/- |
| | 9200/18.1121 | 16948/- | |
| | 1050/24.4.2022 | 2174/- | |
| ആകെ | | 40008/- | |

9987/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2) S00 391/21-കോവിഡ് പ്രധിരോധപ്രവർത്തനങ്ങൾ,പരിരക്ഷാ പ്രവർത്തനങ്ങൾ

അടങ്കൽ -200000/-(തനത് ഫണ്ട്)

ചെലവ്-49592/-
ചെക്ക് നം 61256 /31.3.2021

കോവിഡ് പ്രധിരോധ പ്രവർത്തനങ്ങൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രഫോർമ ഇൻവോയിസ് PRF 6829.dt 30.3.2021- പ്രകാരം 20461/- രൂപ നൽകിയിട്ടുണ്ട്.താഴെകൊടുത്തിരിക്കുന്ന ഇൻവോയിസ് പ്രകാരമുള്ള മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്

| പ്രഫോമ ഇൻവോയിസ് | ഇൻവോയിസ് നം/തീയതി | തുക | മരുന്ന് ലഭിക്കാനുള്ളത് |
|---|---|---|---|
| PRF 6829.dt 30.3.2021- 20461/- | 6575/23.9.2021 | 11683/- | 8572/- |
| | 1049/24.4.2022 | 206/- | |
| ആകെ | | 11889/- | |

8572/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മേൽ സൂചിപ്പിച്ച പ്രകാരമുള്ള മരുന്ന ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.ആയതിനാൽ 18559/-രൂപയുടെ മരുന്നുകൾ(9987+8572) ലഭ്യമാകുന്നതു വരെ മേൽചെലവ് തടസ്സപ്പെടുത്തുന്നു.

II)മെഡിക്കൽ ഓഫീസർ പി.എച്ച്.സി(കലവൂർ) നടപ്പിലാക്കിയ മരുന്ന വാങ്ങലുകൾ

പ്രോജക്ട് നം-S00217-അത്യാവശ്യമരുന്നുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകൽ

അടങ്കൽ-500000/-(തനതു ഫണ്ട്)

ചെലവ്-500000/-
ചെക്ക് നം 2870239/10.9.2020-300000/-
ചെക്ക് നം 61246/30.3.2021-200000/-

കോവിഡ് വ്യാപന കാലഘട്ടത്തിൽ അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 193719/- രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ താഴെ കൊടുത്തിരിക്കുന്ന ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

| പ്രഫോർമ ഇൻവോയിസ് | ഇൻവോയിസ് നം /തീയതി | തുക | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|
| PRF 6542 Dt 23.3.2021- 193719/- | 15292/30.3.2022 | 35653/- | 50031/- |
| | 1541/4.5.2022 | 68145/- | |
| | 15377/31.3.2022 | 39880/- | |
| ആകെ | | 143678/- | |

50031/- രൂപയുടെ മരുന്ന ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/27.6.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.മരുന്ന ലഭ്യമാകുന്നതു വരെ 50031/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-32 ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി അധിക നിരക്കിൽ നൽകി

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടിലുൾപ്പെടുത്തി പഞ്ചായത്ത് പരിധിയിലുള്ള 5 ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപയുൾപ്പെടെയാണ് ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ (ഒരു വർഷം ഒരു കർഷകന് പരമാവധി 40000)കണക്കാക്കി അത്രയും തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടിൽ വികസനഫണ്ടിൽ നിന്നുതന്നെ 4 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു

പ്രോജക്ട് നം S0037/21 ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി

അടങ്കൽ-3600000-/-

വി.ഫണ്ട് -പൊതുവിഭാഗം-1450000/-

ബ്ളോക്ക് വിഹിതം -1400000/-

ജില്ലാ പഞ്ചായത്ത് -750000/-

താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം ലിറ്ററിന് 4രൂപ സബ്സിഡിനൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം/ തീയതി | ക്ഷീരസംഘങ്ങുടെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയ | വികസന ഫണ്ടിൽ നിന്നും നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തുക | | |
| 1 | 2/2020-21 Dt 15.9.2020 -764842/- | ജൂൺ,ജൂലൈ മാസത്തിലെ പാലളവ് 191210*4=764842 | 191210*3=573630 | 191212 |
| 2 | 3/2020-21 Dt15.9.2020-779947/- | ഏപ്രിൽ,മെയ് മാസത്തെ പാലളവ് 194986*4=779947 | 194986*3=584958 | 194989 |
| 3 | 4/2020-21 Dt28.10.2020-373868/- | സെപ്റ്റംബർ മാസത്തെ പാലളവ് 93467*4=373868 | 93467*3=280401 | 93467 |
| 4 | 5/2020-21dt 27.2.2021-371948/- | ഓഗസ്റ്റ് മാസത്തിലെ പാലളവ് 92987*4=371948 | 92987*3=278961 | 92987 |
| ആകെ | | | | 572655 |

വികസനഫണ്ടിൽ നിന്നുതന്നെ 4 രൂപ നിരക്കിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (18/29.6.22)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ച് മാത്രം പദ്ധതി നടപ്പിലാക്കേണ്ടതാണ്

## 1-33 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രോജക്റ്റ് നം.156

പ്രോജക്ടിന്റെ പേര്: കന്നുകുട്ടി പരിപാലനം

അടങ്കൽ -വികസന ഫണ്ട് (ജനറൽ): 625000/-രൂപ

മറ്റുള്ളവ : 625000/-രൂപ-

ആകെ : 1250000/-രൂപ

ചെലവ്:- 625000/-രൂപ (1.ട്രഷറി ബിൽ നം.7 തീ.24.02.2021)

നിർവഹണം:- വെറ്റിനറി സർജൻ

തൻവർഷം കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലേക്കായി മേൽ ബിൽ പ്രകാരം 625000/-രൂപ ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30 തീ.29.06.2022) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക(625000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 മത്സ്യകൃഷി സബ്സിഡി മാനദണ്ഡം പാലിക്കാതെ തുക നൽകുന്നു

1)സുഭിക്ഷകേരളം-ബയോഫ്ലോക്ക് മത്സ്യകൃഷി-S00277/21

അടങ്കൽ-55240000/-

വികസന ഫണ്ട്-100000/-,തനത് ഫണ്ട്-1372000/-, മറ്റുള്ളവ-4048000/-

ചെലവ്-1042619/-(തനത് ഫണ്ട്)

ചെക്ക് നം 61245/30.3.2021

ഗുണഭോക്തൃവിഹിതം മുടക്കി 5. 6മീറ്റർ വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂട്ടിൽ നിർമ്മിച്ച് അതിനുള്ളിൽ 550GSM കനമുള്ള പി.വി.സി ആവരണം ചെയ്ത HDPE ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 Cm വലിപ്പമുള്ള 1250 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്ന പ്രോജക്ടിന് ആകെ യൂണിറ്റ് ചെലവ് 138000 രൂപയെന്ന് കണക്കാക്കിയിട്ടുണ്ട്. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി അനുവദിക്കുന്നതാണ്. സ. ഉ (സാധാ) നം -1009/2020 / തസ്വഭവ തീയതി 29-05-2020 നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്.

2020-21സാമ്പത്തികവർഷത്തിൽ 31 ഗുണഭോക്തൾ സ്വന്തം നിലയിൽ പ്രവൃത്തി പൂർത്തീകരിച്ച് ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയ മുറയ്ക്ക് 40% സബ്സിഡി തുകയും ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും നൽകുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രം തദ്ദേശഭരണ സ്ഥാപനം നൽകിയാൽ മതിയെന്നിരിക്കെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്.

II) സുഭിക്ഷ കേരളം-കുളത്തിലെ മൽസ്യകൃഷി സംബന്ധിച്ച അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നമ്പർ. | സുഭിക്ഷകേരളം-കുളത്തിലെ മൽസ്യകൃഷി./പ്രോജക്റ്റ് നം.s00278/21.(ജന) |
| അടങ്കൽ | 10000/- വികസനഫണ്ട്, തനതുഫണ്ട്-228000, ഗു.വി.902000) |

| | |
|---|---|
| ചെലവ്. | 100000/- |
| ബിൽ നം.3/20-21 /23.03.21 | 100000/-( വികസനഫണ്ട്) |

സുഭിക്ഷകേരളം - കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതി പ്രകാരം 20-21 സാമ്പത്തികവർഷം 5 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.80 ച.മീ.വിസ്തീർണ്ണമുള്ള കുളം 40 സെ.മീ. ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റുമായി 110 സെ.മീ. ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ 125 സെ.മീ. ഉയരത്തിൽ ജലം നിറയ്ക്കൽ സംരക്ഷിതവല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ച് 1000 മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്. 123000രൂപയുടെ യൂണിറ്റ് നിരക്ക് നിശ്ചയിച്ചിരിക്കുന്ന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു ഗുണഭോക്താവിന് സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 22/18/തസ്വഭവ തീയതി.14.02.18 ഖണ്ഡിക നം. 4.1പ്രകാരം പദ്ധതി നടത്തിപ്പിനായി യൂണിറ്റ് കോസ്റ്റിന്റെ 40 % വരുന്ന 32800/- രൂപയാണ് ആകെ അനുവദിക്കാവുന്ന സബ്സിഡി. ഈ തുകയുടെ 2/3 ഭാഗം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നും, 1/3 ഭാഗം ഫിഷറീസ് വകുപ്പിൽ നിന്നുമാണ് അനുവദിക്കേണ്ടത്.
അഞ്ച് ഗുണഭോക്താക്കളും സ്വന്തം നിലയിൽ പ്രവൃത്തി പൂർത്തീകരിച്ച് ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയ മുറയ്ക്ക് 40% സോാബ്സിഡി തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രം തദ്ദേശഭരണ സ്ഥാപനം നൽകിയാൽ മതിയാകും.ഇത് പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്.

.സുഭിക്ഷകേരളം ബയോഫ്ലോക്ക് മത്സ്യകൃഷിയുടെ യൂണിറ്റ് കോസ്റ്റിൽ പ്രവർത്തനച്ചെലവ് - മത്സ്യതീറ്റയക്ക്-23300/-രൂപയും,സുഭിക്ഷകേരളം കുളത്തിലെ മത്സ്യകൃഷിയുടെ യൂണിറ്റ് കോസ്റ്റിൽ പ്രവർത്തനച്ചെലവ് - മത്സ്യതീറ്റയ്ക്ക് -41000/-രൂപയും അനുവദനീയമാണെങ്കിലും അടിസ്ഥാന സൌകര്യവികസനം നടത്തുന്നതിന്റെയും മത്സ്യം വാങ്ങുന്നതിന്റെയും ചെലവ് രേഖകൾ മാത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിരിക്കുന്നത് .മത്സ്യ തീറ്റ വാങ്ങിയതിന്റെ ബില്ലുകൾ ലഭ്യമാക്കാത്തതിനാൽ ഇവർ തുടർ പ്രവർത്തനം നടത്തുന്നുണ്ടോഎന്ന് വ്യക്തമല്ല.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(19/29.6.2022) നൽകിയതിന് ഫിഷറീസ് വകുപ്പിൽ നിന്നും നൽകിയ ഗൈഡ് ലൈൻ പ്രകാരമാണ് പദ്ധതി നിർവഹണം നടത്തിയതെന്നും ഇനിമുതൽ പദ്ധതി മാർഗരേഖപ്രകാരംമാത്രമേ പ്രോജക്ട് നടപ്പിലാക്കുകയുള്ളൂ എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.
പ്രോജക്ടുപ്രകാരം 3 വർഷത്തേക്കാണ് ഗുണഭോക്താക്കളുമായി കരാറിലേർപ്പട്ടിട്ടുള്ളതെന്നും വർഷം തോറുമുള്ള പ്രവൃത്തന പ്രവർത്തനച്ചെലവിന്റെ 20%ഫിഷറീസ് വകുപ്പിൽ നിന്നും നൽകുന്നുവെന്നമാണ് മറുപടി നൽകിയത്.
പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാനദണ്ഡങ്ങൾക്കനുസരിച്ച് മാത്രം തുക നൽകേണ്ടതാണ്.

## 1-35 ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു.

വർക്ക് കോഡ്- RC/276198

സർവ്വീസ് സ്റ്റേഷൻ പരസ്പരം വായനശാല ഫുട്പാത്ത് കോൺക്രീറ്റിംഗ്

അടങ്കൽ-500000/-

FTOനമ്പർ- 373256/17.10.20, 297792

2020-21ൽ നടപ്പിലാക്കിയ സർവ്വീസ് സ്റ്റേഷൻ പരസ്പരം വായനശാല ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 110/20 പ്രകാരം 162.9മീറ്റർ നീളത്തിൽ ശരാശരി 2.55മീറ്റർ വീതിയിൽ 0.08മീറ്റർ കനത്തിൽ1:4:8അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 34.02$m^3$ ചെയ്തിട്ടുണ്ട്. ആയതിന് 5748.55/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. 34.02$m^3$ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65m3 എന്ന നിരക്കിൽ 22.11m3 40mmമെറ്റൽ ആവശ്യമാണ്. മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബിൽ പ്രകാരം 22.10m3, 40mmമെറ്റൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. (എന്നാൽ അളവ് പുസ്തകം പുറം 6ൽ 24m3 സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത് അസാധ്യമാണ്.) ഇതിൽ നിന്നും 7.5%വോയിഡ്സ് കുറവ് ചെയ്താൽ 20.44m3 മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.6.22) ലഭ്യമാക്കിയ മറുപടിയിൽ വോയിഡ്സ് കുറവ് ചെയ്താണ് കരാറുകാരൻ ബിൽ ലഭ്യമാക്കിയിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ബിൽ പ്രകാരം കൊണ്ടുവരുന്ന മെറ്റൽ സ്റ്റാക്ക് ചെയ്യുമ്പോഴും അതേ അളവ് മാത്രമേ ഉണ്ടാവുകയുള്ളൂ. ബിൽ പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്യുന്ന മെറ്റൽ ഒരിക്കലും സ്റ്റാക്ക് ചെയ്യുമ്പോൾ വർദ്ധിച്ചുവരുകയില്ല. ബിൽ പ്രകാരമുള്ള അളവിൽ നിന്നാണ് വോയിഡ്സ് കുറവ് ചെയ്യേണ്ടത്. ആയതിനാൽ 7.5%വോയിഡ്സ് കുറവ് ചെയ്താൽ ലഭിക്കുന്ന20.44$m^3$ മെറ്റലുപയോഗിച്ച് കോൺക്രീറ്റ് (ഘനമീറ്ററിന് 0.65m3 നിരക്കിൽ) ചെയ്യാവുന്നത് 31.44$m^3$ മാത്രമാണ്. എന്നാൽ 34.02$m^3$ പ്രവൃത്തി ചെയ്തതിന് 5748.55/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കോൺക്രീറ്റിംഗിനായി അധികം ചെലവഴിച്ച (34.02$m^3$-31.44$m^3$), 2.58m3x 5748.55/m3= 14831/-രൂപയും അധികം നൽകിയ 40mmമെറ്റലിന്റെ വില (22.10$m^3$-20.44$m^3$), 1.66$m^3$ X2250/$m^3$ =3735/-രൂപയുമുൾപ്പെടെ ആകെ 18566/-ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദികളായ അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ(എൻ.ആർ.ഇ.ജി.എസ്) എന്നിവരിൽ നിന്നോ തുല്യമായി ഈടാക്കേണ്ടതാണ്.

2.വർക്ക് കോഡ്- RC/285594

ആലപ്പി മിൽസ് കൊല്ലംപറമ്പ് റോഡ് കോൺക്രീറ്റിംഗ്.

ആകെ മൂല്യം-143940

FTOനമ്പർ- 828230/6.3.21,

അളവ് പുസ്തകം 100/20 പ്രകാരം 56.8മീറ്റർ നീളത്തിൽ ശരാശരി 2.86മീറ്റർ വീതിയിൽ 0.10മീറ്റർ കനത്തിൽ1:4:8അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 16.24$m^3$ ചെയ്തിട്ടുണ്ട്. ആയതിന് 5748.55/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. 16.24$m^3$ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65m3 എന്ന നിരക്കിൽ 10.556m3 40mmമെറ്റൽ ആവശ്യമാണ്. മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബിൽ പ്രകാരം 10.556m3, 40mmമെറ്റൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. (എന്നാൽ അളവ് പുസ്തകം പുറം 4ൽ11.55$m^3$ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത് അസാധ്യമാണ്.) ഇതിൽ നിന്നും 7.5%വോയിഡ്സ് കുറവ് ചെയ്താൽ 9.76$m^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. മേൽ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള വിധം 9.76$m^3$ മെറ്റലുപയോഗിച്ച് കോൺക്രീറ്റ് (ഘനമീറ്ററിന് 0.65m3 നിരക്കിൽ) ചെയ്യാവുന്നത് 15.01$m^3$ മാത്രമാണ്. എന്നാൽ 16.24$m^3$ പ്രവൃത്തി ചെയ്തതിന് 5748.55/m3

നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കോൺക്രീറ്റിംഗിനായി അധികം ചെലവഴിച്ച ($16.24m^3$-$15.01m^3$), $1.23m^3$x $5748.55/m^3$= 7070/-രൂപയും അധികം നൽകിയ 40mmമെറ്റലിന്റെ വില ($10.55m^3$-$9.76m^3$), $0.79m^3$ X$2250/m^3$ =1777/-രൂപയുമുൾപ്പെടെ ആകെ 8847/- അധികം ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ അധികം ചെലവഴിച്ച (18566+ 8847), 27413/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദികളായ അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ(എൻ.ആർ.ഇ.ജി.എസ്) എന്നിവരിൽ നിന്നോ തുല്യമായി ഈടാക്കേണ്ടതാണ്.

## 1-36 തറമൂട് നന്ദികാട് റോഡ് ടാറിംഗ്, ഇന്റർലോക്ക് വിരിക്കൽ- അധിക ചെലവ്

പ്രോജക്ട് നമ്പർ - 98/21

തറമൂട് നന്ദികാട് റോഡ് ടാറിംഗ്, ഇന്റർലോക്ക് വിരിക്കൽ

അടങ്കൽ -600000/- കരാറുകാരൻ - അനസ് നൈന

അളവ് പുസ്തകം- 3/20-21

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കടിയമ്പള്ളി കുന്നപ്പള്ളി റോഡിൽ കിഴക്കോട്ടു കിടക്കുന്ന നിലവിലെ ടാർ റോഡിന് ശേഷമുള്ള റോഡാണിത്. നിലവിൽ ആദ്യത്തെ 210 മീറ്റർ ഫസ്റ്റ് മെറ്റലിംഗ് ചെയ്ത് കിടക്കുന്നതാണ്. ആയതിനാൽ 10സെ.മീ. കനത്തിൽ WMMവിരിച്ച് ടാറിംഗ് നടത്തുന്നതിനും പിന്നീട്ടുള്ള ചെയിനേജ് 210മുതൽ 248.50വരെ 38.50മീ. ഗ്രാവൽ, ക്വാറി മക്ക്, WMM വിരിച്ച് ടാറിംഗും ബാക്കി റോഡ് ഭാഗം 5മീറ്റർ നീളത്തിൽ ഇന്റർ ലോക്ക് ടൈൽ വിരിക്കുകയുമാണ്. ഈ പ്രവൃത്തി ചെയ്യുന്നതുവഴി 248.5മീ. ടാർ റോഡും 5മീ. ഇന്റർ ലോക്ക് ടൈൽ റോഡും ഗതാഗതത്തിന് യോഗ്യമാകുമെന്ന് പറഞ്ഞിരിക്കുന്നു. ഇതിൽ നിന്നും ആകെ ടാർ ചെയ്യേണ്ട നീളം 248.50മീറ്ററാണെന്ന് വ്യക്തമാണ്.

അളവ് പുസ്തകം പുറം 2 പ്രകാരം ഒന്നാമിനമായി എർത്തേൺ ഷോൾഡർ കൺസ്ട്രക്ഷൻ 38.5മീറ്റർ നീളത്തിലും രണ്ടാമിനമായി ഫില്ലിംഗ് ലോ ലെയിംഗ് ഏരിയ വിത്ത് ക്വോറി മക്ക് 38.5മീറ്റർ നീളത്തിലും മാത്രമാണ് ചെയ്തിട്ടുള്ളത്. അതായത് ചെയിനേജ് 210മുതൽ 248.50വരെയുള്ള 38.5മീറ്റർ. ഇത് പ്രകാരം നിലവിലെ ഫസ്റ്റ് മെറ്റലിംഗ് ചെയ്തിട്ടുള്ള 210 മീറ്ററും ഫില്ലിംഗ് നടത്തിയ 38.5മീറ്ററും ഉൾപ്പെടെ ആകെ 248.50മീറ്റർ മാത്രമേ WMMപ്രവൃത്തിയും ടാറിംഗും ചെയ്യുവാൻ സാധിക്കുകയുള്ളൂ. എന്നാൽ അളവ് പുസ്തകം പുറം 5, LFB-31/17-18,(പുറം32മുതൽ48വരെ) 252മീറ്റർ നീളത്തിൽ WMM, ടാറിംഗ് എന്നിവ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം/ ചെയ്ത അളവ് | പരിമിതപ്പെടുത്തി നൽകിയ തുക | അധികം ചെയ്ത അളവ് | പരിമിതപ്പെടുത്തിയ ശേഷം അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | WMM $80.377m^3$ | 80.326m3 X3229/m3 =259372.65 | (252-248.5)x3.15x0.153av.= $1.686m^3$ | ($1.686m^3$-0.051) X3229/m3= 5279/- | |
| 2 | പ്രൈം കോട്ട് $745.8m^2$ | $745.5m^2$ X$55.5/m^2$ =41375/- | (252-248.5)x3.15= $11.025m^2$ | ($11.025m^2$ 0.3)x $55.5/m^2$ =595/- | |
| 3 | ടാക്ക് കോട്ട് $745.8m^2$ | $745.5m^2$ X$12.2/m^2$ =9095/- | (252-248.5)x3.15= $11.025m^2$ | $11.025m^2$ 0.3)x $12.2/m^2$ =131/- | 63/10.3.21 598807/- |
| 4 | 20mm Cc$745.8m^2$ | $745.5m^2$ X$156.2/m^2$ =116447/- | (252-248.5)x3.15= $11.025m^2$ | $11.025m^2$ 0.3)x $156.2/m^2$ =1675/- | |
| 5 | സീൽ കോട്ട്$745.8m^2$ | $745.5m^2$ X$64.9/m^2$ =48383/- | (252-248.5)x3.15= $11.025m^2$ | $11.025m^2$ 0.3)x $64.9/m^2$ =696/- | |
| ആകെ | | | | 8376 | |
| 12%GST | | | | 1005 | |
| ആകെ | | | | 9381 | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/27.6.22) ലഭ്യമാക്കിയ മറുപടിയിൽ അനുവദിച്ച തുക ലാപ്സാക്കികളയാതെ ആ തുകയ്ക്ക് കൂടി നീളം വർദ്ധിപ്പിച്ച് പ്രവൃത്തി പൂർത്തിയാക്കുകയാണുണ്ടായതെന്നും എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി 3.5മീറ്റർ അധികം ചെയ്തതായും അറിയിച്ചിരിക്കുന്നു. എന്നാൽ ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നവിധം പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടോ മറുപടിയെ സാധൂകരിക്കുന്ന വിധം അളവ് പുസ്തകത്തിലോ യാതൊരു രേഖപ്പെടുത്തലുകളുമില്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ സൂചിപ്പിച്ച വിധം ആകെ അധികം ചെലവഴിച്ച 9381/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-37 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വില 250/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കൂടാതെ കാലിവീപ്പയ്ക്ക് 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട്/പേര് | ഫണ്ടി | ഉപയോ | ജി.എസ്.ടി | ഉൾപ്പെടെ | ബിൽ |
|---|---|---|---|---|---|---|

| നമ്പർ | | നം | ഗിച്ച ബിറ്റുമിന്റെ അളവ് | 295രൂപനിരക്കിൽ ഈടാക്കിയ തുക | | നമ്പർ |
|---|---|---|---|---|---|---|
| | | | | | ജി.എസ്.ടി ഈടാക്കിയതിൽ കുറവ് | |
| 1 | 94/21 വാണിയപുരയ്ക്കൽ കന്നിട്ടപ്പറമ്പ് റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 27ബാരൽ | 7670 | 00 | 36/10.11.20 997748/- |
| 2 | 345/21 ജുമാ മസ്ജിദ് റോഡ് ടാറിംഗ് രണ്ടാം ഘട്ടം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4 ബാരൽ | 1180 | 00 | 50/2.12.20 226000/- |
| 3 | 237/21 ചേന്ദനാട് അംഗൻവാടി റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12 ബാരൽ | 3000 | 372 | 22/10.7.20, 481322/- |
| 4 | 275/21 ബസ് സ്റ്റാന്റ്- കുണ്ടത്തിൽ റോഡ് റീ ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13 ബാരൽ | 3250 | 403 | 16/26.6.20, 224353/- 54/11.1.21, 25000/- 75/3.3.21, 225000/- |
| 5 | 26/21 കാവുങ്കൽ തോട്ടപ്പള്ളി ചക്കാല റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 41ബാരൽ | 12095 | 00 | 67/3.3.21, 499485/-, |
| 6 | 174/21 മേത്തർ റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8ബാരൽ | 2000 @250/bl | 248 | 18/10.7.20 398067/- |
| 7 | 82/21 ബ്യൂട്ടി മടയാം തോട് റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 23ബാരൽ | 5750 @250/bl | 713 | 46/7.12.20 996268/- |
| 8 | 290/21 ഡി.സി മിൽസ് റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 32ബാരൽ | 9440/-@295/bl | 00 | 77/15.3.21, 500000/- 78/15.3.21 148059/- |
| 9 | 180/21 കാരുചിറ നമ്പ്യാനവെളി റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4ബാരൽ | 1000/- @250/bl | 124 | 19/10.7.20, 202123 |
| 10 | 179/21 NH-66 PHC ബ്ലോക്ക് ഓഫീസ് റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11ബാരൽ | 2750 @250/bl | 341 | 2/20.5.20, 378026/- |
| 11 | 28/21 മനയത്തുശ്ശേരി തൈക്കാവ് റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6ബാരൽ | @281/bl 1686 | 00 | 68/31.3.21 , 293171/- |
| 12 | 29/21 കറുമുളശ്ശേരി റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5 ബാരൽ | 1405 | 00 | 66/3.3.21 298552/- |
| | 30/21 തൃക്കോവിൽ അമ്പലം റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10ബാരൽ | 2810 | 00 | 70/3.3.21, 396448/- |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/27.6.22)ലഭ്യമാക്കിയ മറുപടിയിൽ കാലി വീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡുകളിലേക്ക് തിരികെ ഒടുക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഇപ്രകാരം സൂക്ഷിച്ചിട്ടുള്ള തുകയിൽ ജി.എസ്.ടി പ്രത്യേകം കണക്കാക്കി ഒടുക്ക് വരുത്തേണ്ടതും ഈടാക്കിയതിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതുമാണ്.

## 1-38 എർത്ത് വർക്ക് എക്സ്കവേഷന് -അധിക നിരക്ക്

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3 (സ്പെസിഫിക്കേഷൻ കോഡ്-11.1.1.1 എർത്ത് വർക്ക് എക്സ്കവേ ഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം,കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ

ഭിത്തി, കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m3 (MoRDസ്പെസിഫിക്കേഷൻ കോഡ്-3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | അനുദിച്ച തുക/അളവു പുസ്തകം (Item Rate Contract) | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | 178/21, അടിവാരം കാട്ടിപ്പറമ്പ് ഓടയും റോഡ് നിർമ്മാണവും | പി.എൻ.ദാസൻ | $40.032m^3$ @$553.71/m^3$ =22166/- 26(B)/19-20 | $40.032m^3$ @$259.59/m^3$ =10392 | 11774/- | ബിൽ നം 7/20.5.20, 396184/-, 74/3.3.21, 658332/- |
| | | | ആകെ | തറമൂട് നന്ദികാട് റോഡ് ടാറിംഗ്, ഇന്റർലോക്ക് വിരിക്കൽ-അധിക ചെലവ് | 11774/- | |
| | | | 12% GST | | 1413 | |
| | | | ആകെ | | 13187/- | |
| 2 | 266/21കുന്നിനകം കോളനി കാന നിർമ്മാണം | കെ.കെ.ശശി | $14.04m^3$ @$553.17/m^3$ =7766/- | $14.04m^3$ @$259.59/m^3$ =3645/- | 4121 | |
| | | | ആകെ | | 4121/- | |
| | | | 12% GST | | 495 | |
| | | | ആകെ | | 4616/- | |
| 3 | 299/21 കൊല്ലശ്ശേരി ചക്കനാട്ട് കാനയും റോഡ് നിർമ്മാണവും | കെ.കെ.ശശി | $17.663m^3$ @$553.17/m^3$ =9771/- | $17.663m^3$ @$259.59/m^3$ =4385/- | 5386 | 85/28.3.21 930114 |
| | | | ആകെ | | 5386/- | |
| | | | 12% GST | | 646 | |
| | | | ആകെ | | 6032/- | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15/27.6.22)ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ രേഖാമൂലമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിരക്ക് നിർണ്ണയിച്ചിട്ടുള്ളതെന്നറിയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശത്തിലെ അപാകത ശ്രദ്ധയിൽപ്പെടുത്തേണ്ടതും അധിക ചെലവിനി ടയാകാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 കുടിവെള്ള ടാങ്ക്- എസ്.സി-അപാകതകൾ

പ്രോജക്ട് നമ്പർ - 211/21

കുടിവെള്ള ടാങ്ക്- എസ്.സി

അടങ്കൽ -501000/- (വികസന ഫണ്ട് എസ്.സി.പി- 375000, ഗുണഭോക്തൃ വിഹിതം- 126000)

ചെലവ്-

| ബിൽ നമ്പർ | തുക |
|---|---|
| 3/7.7.20 | 119700 |
| 25/29.3.21 | 1995 |
| തനത് ഫണ്ട് | 28500 |
| | 12255 |
| ആകെ | 162450 |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 500ലിറ്റർ കപ്പാസിറ്റിയുള്ള 57വാട്ടർ ടാങ്കുകൾ 2850/- രൂപ നിരക്കിൽ വിക്ടോറിയ പോളിഫോം കൈപ്പള്ളി പി.ഒ, അരിമ്പൂർ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്ന പൊന്നാരത്ത് ഏജൻസീസ് കായങ്കുളം എന്ന സ്ഥാപനത്തെ പരിഗണിക്കാതിരു ന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇനം | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| വിക്ടോറിയ പോളിഫോം | Ocean Brand, Black 500ltr. ISI, 2 Layer | 2850/- Including GST |
| പൊന്നാരത്ത് ഏജൻസീസ് | Select Brand Black 500ltr. ISI, 2 Layer | 1650/- Excluding GST |
| | Select Brand, White 3 Layer | 2475/- Excluding GST |
| | Kaveri/Lotus Gold | 2990/- Excluding GST |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളതിൽ പൊന്നാരത്ത് ഏജൻസീസ് ലഭ്യമാക്കിയ കൊട്ടേഷനിൽ Select Brand Black 500ltr. ISI, 2 Layer എന്നതിനോടൊപ്പം 18% GST കൂടി ഉൾപ്പെടുത്തിയാൽ 1947/- രൂപ മാത്രമേ ഒരെണ്ണത്തിന് വിലമതിക്കുകയുള്ള എന്നിരിക്കെ ഏറ്റവും കുറഞ്ഞ പ്രസ്തുത നിരക്ക് പരിഗണിക്കാതിരുന്നത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്( 26/29.6.22) ലഭ്യമാക്കിയ മറുപടിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന പൊന്നാരത്ത് ഏജൻസീസിന്റെ കൊട്ടേഷനിൽ ISI മുദ്ര ഉണ്ടായിരുന്നില്ലെന്നും പ്രൊക്യൂവർമെന്റ് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പർച്ചേസ് നടത്തിയിട്ടുള്ളതെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ പ്രൊക്യൂവർമെന്റ് കമ്മറ്റി സാമ്പിൾ പരിശോധിച്ച് വാങ്ങൽ നടത്തുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. തന്നെയുമല്ല കുറഞ്ഞ നിരക്കിലുള്ള മേൽ സൂചിത ടാങ്ക് ഒഴിവാക്കുവാനുണ്ടായ പ്രത്യേക കാരണങ്ങളും തന്നെ ഫയലിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും കണക്കിലെടുത്ത് പൊതുപണത്തിന് നഷ്ടം വരാത്ത രീതിയിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതും ഇത്തരം വാങ്ങലുകളിൽ ധനകാര്യ കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്നും നിർദ്ദേശിക്കുന്നു.

## 1-40 കുടിവെള്ള കണക്ഷൻ-ഡെപ്പോസിറ്റ് പ്രവൃത്തി- നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു.

പ്രോജക്ട് നമ്പർ - S0018/21

കുടിവെള്ള കണക്ഷൻ- എസ്.സി ( നിക്ഷേപ പ്രവൃത്തി)

അടങ്കൽ -2250000/- (വികസന ഫണ്ട് എസ്.സി.പി- 2161325, തനത് ഫണ്ട്- 88675)

ബിൽ നമ്പർ- 17/6.1.21- 1689375/-

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 2011-12ലെ വാർഷിക പദ്ധതി പ്രകാരം വിവിധ വാർഡുകളിലെ 407 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ എന്ന പദ്ധതിയനുസരിച്ച് അടങ്കൽ തുകയായ 40,02,700/-രൂപയിൽ 23,13,325/-രൂപ 1/2012ൽ കേരള വാട്ടർ അതോറിട്ടിയിൽ ഒടുക്കിയിട്ടുള്ളതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ,(KWA) പി.എച്ച് ഡിവിഷൻ ആലപ്പുഴയുടെ 19.10.20ലെ $A_2$/1045/2012 കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ ബാലൻസ് തുകയായ 1689375/-രൂപ പി.എച്ച് ഡിവിഷന്റെ ആലപ്പുഴ എ.ഡി.ബി ബ്രാഞ്ച് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കണമെന്നും പദ്ധതി പ്രാവർത്തികമാകുമ്പോൾ തുക അധികമാകുന്ന പക്ഷം അതുകൂടി ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ടി കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് മേൽ ബിൽ പ്രകാരം 1689375/-രൂപ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ നിർദ്ദേശ പ്രകാരം വാട്ടർ അതോറിട്ടിയുമായി പദ്ധതി നിർവ്വഹണം സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടശേഷം മാത്രമേ തുക മുൻകൂറായി നിക്ഷേപിക്കാവൂ. എന്നാൽ മേൽ സൂചിപ്പിച്ചവിധം 1689375/-രൂപ നിക്ഷേപിച്ചതിന് ശേഷമാണ് (26.2.2021ൽ 8/20-21) വാട്ടർ അതോറിട്ടിയുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. ഈ കരാറിലെ വ്യവസ്ഥ 5ൽ മുഴുവൻ തുകയും ലഭിച്ച് 6 മാസത്തിനകം പണി ആരംഭിച്ച് പൂർത്തിയാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പൂർത്തീകരണ കാലാവധിയോ കാലതാമസം വരുത്തിയാൽ സ്വീകരിക്കാവുന്ന തുടർ നടപടി സംബന്ധിച്ചോ വ്യവസ്ഥ ചെയ്തിട്ടില്ല. 2011-12ൽ 23ലക്ഷത്തിലധികം രൂപ മുൻകൂറായി നിക്ഷേപിച്ചിട്ടും 10വർഷത്തിന് ശേഷവും പ്രവൃത്തി ആരംഭിച്ചിട്ടുപോലുമില്ലാത്തതിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും 2011-12ൽ കരാർ വെച്ചിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (27/29.6.22) ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തികവർഷം തീരാറായിട്ടും എസ്.സി പദ്ധതി വിഹിതം ചെലവിൽ നിർവ്വഹണ പുരോഗതി ഉണ്ടാകാത്തത് വിവിധ റിവ്യൂ മീറ്റിങ്ങുകളിൽ ചോദ്യംചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അടിയന്തിരമായി തുക ഡെപ്പോസിറ്റ് ചെയ്തതെന്നറിയിച്ചിരിക്കുന്നു. ഇത് തൃപ്തികരമായ മറുപടിയല്ല. 23ലക്ഷത്തിലധികം തുക ഡെപ്പോസിറ്റ് ചെയ്തശേഷം 10വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തത് സംബന്ധിച്ച് യാതൊരുവിധ തുടർ നടപടികളും സ്വീകരിക്കാതെ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് പോലും വെക്കാതെ പണം ചെലവഴിക്കുന്നതിന് വേണ്ടി മാത്രമായി വാട്ടർ അതോറിട്ടിയിൽ തുക നിക്ഷേപിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ജലജീവൻ മിഷൻ എല്ലാവീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കിക്കൊണ്ടിരിക്കെ, മേൽ പദ്ധതി വാട്ടർ അതോറിട്ടി നാളിതുവരെ തുടങ്ങിയിട്ടില്ലായെങ്കിൽ പദ്ധതിയുടെ പുനർവിചിന്തനത്തിനും പ്രവൃത്തിയുടെ കൃത്യമായ മോണിറ്ററിംഗിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-41 ഈഴാങ്കര പയ്യമ്പള്ളി റോഡ് ഗ്രാവലിംഗ്-ജി.എസ്.ടി അധികം നൽകി

പ്രോജക്ട് നമ്പർ - 71/21

ഈഴാങ്കര പയ്യമ്പള്ളി റോഡ് ഗ്രാവലിംഗ്

അടങ്കൽ -200000/- കരാറുകാരൻ - മുഹമ്മദ് കുഞ്ഞ് നൈന

ബിൽ നമ്പർ-75/15.3.21, 199089/-

ഈഴാങ്കര പയ്യമ്പള്ളി റോഡ് ഗ്രാവലിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ചെയിനേജ് 108.5മീറ്റർ നീളത്തിൽ 126.635$m^3$ ഗ്രാവൽ ഫില്ലിംഗും 35.07$m^3$ ക്വോറി മക്ക് ഫില്ലിംഗും ആണ് ചെയ്തിട്ടുള്ളത്. ഇതിൽ ഗ്രാവൽ ഫില്ലിംഗ് മാത്രം 77%ൽ

കൂടുതൽ വരുന്നുണ്ട്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119പ്രകാരം കരാർ പ്രവ്യത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%). എന്നാൽ മേൽ പ്രവ്യത്തിയിൽ ചുവടെ ചേർത്തിരിക്കുന്ന വിധം 12% GST നൽകിയിട്ടുണ്ട്.

| ഇനം | ചെയ്ത അളവ് | നൽകിയ തുക | ആകെ പ്രവൃത്തി മൂല്യം | പ്രവൃത്തി മൂല്യം ശതമാന കണക്കിൽ |
|---|---|---|---|---|
| ഗ്രാവൽ ഫില്ലിംഗ് | 126.635$m^3$ | @1083.84/$m^3$, 137252/- | 177753.37/- | 77.215% |
| ക്വോറി മക്ക് ഫില്ലിംഗ് | 35.07$m^3$ | @1154.87/m3 40501/- | | 22.785% |
| | 12%GST | | 21330.40 | |
| ആകെ | | | 199084/- | |
| അനുവദനീയമായ GST 5% | | | 8888/- | |
| GST ഇനത്തിൽ അധികം നൽകിയ തുക | | | 12442/- | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/29.6.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ ഉത്തരവ് ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജി.എസ്.ടിയിനത്തിൽ കരാറുകാരന് അധികം നൽകിയ 12442/- തിരികെ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-42 കടിയമ്പള്ളി കണ്ണാട്ട് റോഡ് ടാറിംഗ്- വകയിരുത്തലില്ലാതെ ചെലവഴിച്ചു.

പ്രോജക്ട് നമ്പർ - 171/21

കടിയമ്പള്ളി കണ്ണാട്ട് റോഡ് ടാറിംഗ്

അടങ്കൽ -650000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

കരാറുകാരൻ - ഷൗക്കത്ത് അലി

ബിൽ നമ്പർ-40/10.11.20, 363671/-

കടിയമ്പള്ളി കണ്ണാട്ട് റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതി 2019-20ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 650000/-രൂപ വകയിരുത്തി 118/20നമ്പറായി ഏറ്റെടുത്തിരുന്നതാണ്. ആയതനുസരിച്ച് 217727/-രൂപ 2019-20ൽ ചെലവഴിച്ചിരുന്നു. 2020-21ൽ മേൽ നമ്പർ പ്രകാരം സ്പിൽ ഓവറായി തനത് ഫണ്ടിൽ നിന്നും 363925/-രൂപ അടങ്കലായി വകയിരുത്തിയാണ് പദ്ധതി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ബിൽ നമ്പർ-40/10.11.20 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 363671/- രൂപ ചെയവഴിച്ചിരിക്കുന്നു. പദ്ധതിക്കായി വകയിരുത്താത്ത ഫണ്ടിനത്തിൽ നിന്നും ചെലവ് ചെയ്തത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/29.6.22) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിക്കായി വകയിരുത്തലില്ലാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ നിന്നും ചെലവഴിച്ച തുക തനത് ഫണ്ടിൽ നിന്നും ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമപ്പെടുത്തുന്നതിന് വിധേയമായി 363671/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 ടേക്ക് എ ബ്രേക്ക് വിശ്രമ മുറി, ടോയ് ലറ്റ് ബ്ലോക്കിന്റെ അറ്റകുറ്റപ്പണി- അപാകതകൾ

പ്രോജക്ട് നമ്പർ - 362/21

ടേക്ക് എ ബ്രേക്ക് വിശ്രമ മുറി, ടോയ് ലറ്റ് ബ്ലോക്കിന്റെ അറ്റകുറ്റപ്പണി.

അടങ്കൽ -500000/- (CFC- 250000, മറ്റുള്ളവ- 250000)

കരാറുകാരൻ- സിയാദ് മേത്തർ

ബിൽ നമ്പർ- 84/28.3.21- 148435/- (ഭാഗിക ബിൽ)

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, ദീർഘ ദൂര യാത്രക്കാർക്ക് പ്രയോജനപ്പെടുന്ന വിധം യാത്രക്കിടയിൽ വിശ്രമിക്കുന്നതിനും മറ്റുമായി സർക്കാർ നിർദ്ദേശപ്രകാരം ഏറ്റെടുത്ത പദ്ധതിയാണിത്. പദ്ധതി പ്രകാരം വിശ്രമ മുറി നിർമ്മിച്ചിട്ടുള്ളത് പ്രൈവറ്റ് ബസ് സ്റ്റാന്റിന് പിന്നിലായി പഞ്ചായത്ത് കെട്ടിടത്തിനോട് ചേർന്ന് നിലവിലുള്ള മഴവെള്ള സംഭരണിക്ക് പിന്നിലായാണ്. ഇത് യാത്രക്കാരുടെ

ശ്രദ്ധയിൽപ്പെടുന്നവിധമല്ലെന്ന് കാണുന്നു. ഇപ്രകാരം പദ്ധതി നടപ്പിലാക്കാനുണ്ടായ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (28/29.6.22) ലഭ്യമാക്കിയ മറുപടിയിൽ പ്രധാന നിരത്തുകളിലനും തന്നെ സ്വന്തമായി സ്ഥലം ലഭ്യമല്ലാതിരുന്നതിനാലാണ് ഇപ്രകാരം ചെയ്തതെന്ന് അറിയിച്ചിരിക്കുന്നു. പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധം പണം ചെലവഴിക്കുവാനും വഴിയിട വിശ്രമകേന്ദ്രം അവഗണനയിൽപ്പെട്ട് നാശിക്കാതിരിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതിയുടെ ഗുണഫലം പ്രാപ്തമാക്കുന്ന നടപടികൾ സ്വീകരിക്കുന്നതുവരെ തൻവർഷം ചെലവഴിച്ച 148435/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വാട്ടർ ടാങ്കിനു പിന്നിലായി നിർമിച്ച വഴിയിട വിശ്രമ കേന്ദ്രം



## 1-44 RR Masonary-അധിക നിരക്ക് നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 34-ാം നമ്പർ അംഗനവാടിക്ക് പുതിയ കെട്ടിടം നിർമ്മാണം |
| പ്രോജക്ട് നമ്പർ | 222/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അനസ് നൈന.എ |
| അളവു പുസ്തകം | 36/18-19 |
| ചെലവു വിവരം | ചെക്ക് നമ്പർ- 598036/26.6.20, 1392916/-രൂപ |

എസ്.0182/19 ആയി അംഗീകാരം ലഭിച്ചതും 2020-21 ൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയതുമായ മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ടിപദ്ധതിയിൽ ഫൗണ്ടേഷൻ, സൂപ്പർസ്ട്രക്ചർ എന്നിവ നിർമ്മിച്ചിരിക്കുന്നത് RR Masonary യിലാണ്. RR Masonary ചെയ്തതിന് പുറമേ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 10cm കനത്തിൽ ചെയ്തിട്ടുണ്ട്. ഇത് ചെയ്തിട്ടുള്ളതിനാൽ RR Masonaryയുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. RR Masonaryയുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇൻഡക്സ് 48.71% | 44.78 |
| | 136.72 (Say 137/m3) |

ടി പ്രവൃത്തിയിൽ RR Masonary 27.58m$^3$ ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി കരാറുകാർക്ക് അധികം തുക നൽകാനിടയായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | കരാറുകാരന്റെ പേര് | RR Masonary ചെയ്ത അളവ് | 1:2:4സിമന്റ് കോൺക്രീറ്റ് ചെയ്ത അളവ് | RR Masonary അനുവദിച്ച തുക | RR Masonary അനുവദി ക്കാവുന്ന തുക (അനുവദിച്ച നിരക്ക്- | അധികം | ബിൽ/ ചെക്ക് നമ്പർ തിയതി |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 137/$m^3$) | | |
| 1. | 222/21,34-ാം നമ്പർ അംഗനവാടിക്ക് പുതിയ കെട്ടിം നിർമ്മാണം | അനസ് നൈന.എ | 27.58$m^3$ | 2.225$m^3$ | @6143.10/$m^3$x27.58$m^3$ =169426/- | @6006.10/$m^3$ =165648/- | 3778+12% = 4231/- | 598036/ 26.6.20, 1392916/- |
| 2 (1) | 225/21 അംഗനവാടികളുടെ ചുറ്റമതിൽ നിർമ്മാണവും | മുഹമ്മദ് കുഞ്ഞ് നൈന | അംഗനവാടി28 | | | | | |
| | | | 10.722$m^3$ | 2.144$m^3$ | @5897.62/$m^3$ X10.722m3 =63234/- | @5760.62 X 10.722$m^3$ =61765/- | 1469+12% =1645/- | |
| 2 (2) | | | അംഗനവാടി 25 | | | | | |
| | | | 5.554$m^3$ | 1.129$m^3$ | @5897.62/$m^3$ X5.554$m^3$ =32755/- | @5760.62 X 5.554$m^3$ =31994/- | 761+12%= 852/- | |
| 2(3) | | | അംഗനവാടി 106 | | | | | |
| | | | 12.722$m^3$ | 20mm Bs, 0.10മീ.കനത്തിൽ Ccചെയ്തിട്ടുണ്ട്. | @5897.62/$m^3$ X12.722$m^3$ =75029/- | @5760.62/$m^3$ X 12.722$m^3$ =73287 | 1742 +12% = 1951/- | |
| 2(4) | | | അംഗനവാടി 53 | | | | | |
| | | | 3.58$m^3$ | 0.956$m^3$ | @5897.62/$m^3$ X3.58$m^3$ =21113/- | @5760.62/$m^3$ X3.58$m^3$ =20623 | 490 +12% =549 | 1492365 |
| 2(5) | | | അംഗനവാടി 47 | | | | | |
| | | | 4.67$m^3$ | 0.81$m^3$ | @5897.62/$m^3$ X4.67$m^3$ =27542 | @5760.62/$m^3$ X4.67$m^3$ =26902 | 640 +12% =717 | |
| 2(6) | | | അംഗനവാടി 58 | | | | | |
| | | | 3.447$m^3$ | 0.609$m^3$ | @5897.62/$m^3$ X3.447$m^3$ =20329 | @5760.62/$m^3$ X3.447$m^3$ =19857 | 472 +12%529 | |
| 2(7) | | | അംഗനവാടി 55 | | | | | |
| | | | 4.803$m^3$ | 0.831$m^3$ | @5897.62/$m^3$ X4.803$m^3$ =28326 | @5760.62/$m^3$ X4.803$m^3$ =27668 | 658 +12%= 737 | |
| 3 | 96/20 സ്കിൽ ഡെവലപ്മെന്റ് സെന്റർ ചുറ്റമതിൽ | ഷൗക്കത്തലി | 21.552$m^3$ | 20mm Bs, 0.10മീ. കനത്തിൽ Ccചെയ്തിട്ടുണ്ട്. | @5323/m3 X 21.552 = 114721 | @5186/m3 X 21.552 =111769 | 2952 +12%=3306 | 3,4/ 20-21, 446273 |
| | | | | ആകെ | | | 14517 | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (13/27.6.22) ലഭ്യമാക്കിയ മറുപടിയിൽ പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ പ്രകാരം RRമേസണറി ചെയ്യുമ്പോൾ മേൽ പ്രതലം ലെവൽ ചെയ്യുന്നതിന് 1:6:12 മിശ്രിത കോൺക്രീറ്റ് ലെവലിംഗ് കോഴ്സായി ഉപരിതലം ലെവൽ ആക്കണമെന്ന് നിർദ്ദേശിക്കുന്നു. അതുകൊണ്ട് ഒരു കോൺക്രീറ്റ് ബെൽറ്റിന്റെ പ്രയോജനം ലഭിക്കില്ലെന്നും പറഞ്ഞിരിക്കുന്നു. മറുപടി അംഗീകരിക്കുന്നു. എന്നാൽ ആർ.ആർ.എമ്മിന് മീതെ 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ചെയ്യുമ്പോൾ ആർ.ആർ.എമ്മിന്റെ നിരക്കിലുൾപ്പെട്ടിട്ടുള്ള 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് കുറവ് ചെയ്യേണ്ടതാണ്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികം നൽകിയ 14517/-രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-45 തൊഴിലുറപ്പ് പദ്ധതി പ്രകാരം മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും വരുമാന നികുതി സ്രോതസ്സിൽ കുറവ് ചെയ്യുന്നില്ല.

2020-21 ൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും വരുമാന നികുതി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. വരുമാന നികുതി സെക്ഷൻ 194C പ്രകാരം 1% നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | വർക്ക് കോഡ്- | പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട വരുമാന നികുതി | FTOനമ്പർ |
|---|---|---|---|---|---|---|
| 1 | RC/302531 | തൈവെളി ചങ്ങംപോട് റോഡ് മെറ്റലിംഗ് | അനസ് നൈന | 512556 | 5126 | 874127/16.3.21 |
| | | | | | | 874129/16.3.21 |
| | | | | | | 874124/16.3.21 |
| 2 | RC/285594 | ആലപ്പി മിൽസ് കൊല്ലംപറമ്പ് | പ്രഭുകുമാർ | 118497 | 1185 | 828230/6.3.21 |

| | | | | | | |
|---|---|---|---|---|---|---|
| | | റോഡ് കോൺക്രീറ്റിംഗ് | | | | |
| | ആകെ | | | 6311 | | |

മേൽ വിഷയം ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/29.6.22) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഏതാനം ഉദാഹരണങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളത്. പട്ടികയിൽ പറഞ്ഞിട്ടുള്ള 6311/-രൂപ ഈടാക്കി ഒടുക്ക് വരുത്തുന്നതോടൊപ്പം ഇതുപോലെ തൻവർഷം നടപ്പിലാക്കിയ മറ്റ് പ്രവൃത്തികൾക്കും മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും വരുമാന നികുതി പ്രത്യേകം കണക്കാക്കി ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-46 തൊഴിലുറപ്പ് പദ്ധതി-ക്വൊട്ടേഷൻ ക്ഷണിക്കാതെ ഡിസ്പ്ലേ ബോർഡുകളുടെ വില എ.ഡി.എസ്സിന്റെ അക്കൗണ്ടിലേക്ക് നൽകുന്നു.

ഗ്രാമ പഞ്ചായത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഡിസ്പ്ളേ ബോർഡുകളുടെ വില പ്രത്യേകം ക്വൊട്ടേഷൻ ക്ഷണിക്കാതെ തന്നെ മെറ്റീരിയൽ വർക്കുകൾക്ക് 3000/-രൂപ, മറ്റുള്ളവയ്ക്ക് 2500/-രൂപ എന്നീ നിരക്കുകളിൽ അതത് വാർഡ് എ.ഡി.എസ് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും ജോയിന്റ് അക്കൗണ്ടിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിരിക്കുന്നതായി കാണുന്നു. ബോർഡുകൾക്കായി മത്സരാധിഷ്ഠിത കൊട്ടേഷൻ ക്ഷണിക്കുകയോ എ.ഡി.എസ് അതിൽ പങ്കെടുക്കുകയോ ചെയ്യാതെ ഡിസ്പ്ലേ ബോർഡിന്റെ വില ഇപ്രകാരം നൽകുന്നത് ക്രമ പ്രകാരമല്ല. കൂടാതെ ഇപ്രകാരം ട്രാൻസ്ഫർ ചെയ്ത തുകയേക്കാൾ കൂടിയ തുകയ്ക്കുള്ള കൈപ്പറ്റ് രസീത് എഴുതി ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ഇത് ക്രമ പ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.6.22) ലഭ്യമാക്കിയ മറുപടിയിൽ ഡിസ്പ്ളേ ബോർഡുകൾക്കായി കൊട്ടേഷൻ ക്ഷണിച്ചിട്ടില്ലെന്നും നൽകുന്ന തുകയ്ക്ക് മാത്രം കൈപ്പറ്റ് രസീത് സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബോർഡുകൾക്കായി മത്സരാധിഷ്ഠിത കൊട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക ലഭിച്ചിട്ടില്ല

പ്രോജക്ട് നം S0074/21 സമഗ്ര നെൽകൃഷി വികസനം

അടങ്കൽ-4569706/-

ചെലവ്-3326780/-

ബിൽ നം 43/18.1.2021 - 323544/-

ബിൽ നം 55/ 16.3.2021 -126628/

സമഗ്ര നെൽകൃഷി വികസനത്തിനായി കൂലിച്ചെലവ് സബ്സിഡി,കീടനാശിനി വാങ്ങിയതിന്റെ സബ്സിഡി എന്നിവ കർഷകരുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്.ട്രഷറിയിൽ നിന്നുള്ള യൂണീക് ട്രാൻസാക്ഷൻ റഫറൻസ് (യു.റ്റി.ആർ) നമ്പർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യു.റ്റി.ആർ നം. | തുക |
|---|---|---|---|
| | ബിൽറെഫറൻസ് നം.200601520113500915260<br>ബിൽറെഫറൻസ് നം.200601520113501142980 | | |
| 1 | സി.പി.രവീന്ദ്രൻ | U000000837535110 | 12206 |
| 2 | രേവമ്മ | U000000852328958 | 2545 |

ഇവരുടെ അക്കൌണ്ട് ഡീറ്റെയിൽ പരിശോധിച്ചതിൽ താഴെകൊടുത്തിരിക്കുന്ന യു.ടി.ആർ നം പ്രകാരമുള്ള തുകകളും അക്കൌണ്ടിൽ ക്രഡിറ്റായിട്ടില്ലഎന്നുകാണുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യു.റ്റി.ആർ നം. | തുക |
|---|---|---|---|
| 1 | സി.പി.രവീന്ദ്രൻ | U000000852328948 | 1093 |
| 2 | രേവമ്മ | U000000789690092 | 16388 |
| 3 | | U000000792258134 | 19924 |
| 4 | | U000000817383878 | 2380 |

ഗുണഭോക്താക്കൾക്ക് അർഹമായ തുക അവരുടെ അക്കൌണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 കോവിഡ് - 19 - പ്രവർത്തന റിപ്പോർട്ട്

കോവിഡ് -19-ൻറെ രണ്ടാം വ്യാപനം ഇന്ത്യയിലൊട്ടാകെ പ്രത്യേകിച്ച് കേരളത്തിലും രൂക്ഷമായതിന്റെ പശ്ചാത്തലത്തിൽ ടി മഹാമാരിയുടെ വ്യാപനം ഇല്ലാതാക്കുവാനുള്ള പ്രവർത്തനത്തിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും, ജീവനക്കാരും ഒരുമനസ്സോടെ തയ്യാറാവുകയും ടി വിഷയത്തെ ഗൗരവമായി കണ്ടുകൊണ്ട് തന്നെ പഞ്ചായത്ത് പരിധിയിലാകെ ഉച്ചഭാഷിണി ഉപയോഗിച്ച് നിർദ്ദേശങ്ങളും രോഗത്തിന്റെ ലക്ഷണങ്ങളെകുറിച്ചും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നത് സംബന്ധിച്ചും ബോധവത്ക്കരണം നടത്തുകയും 23 വാർഡുകളിലും ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുകയും ചെയ്തു. ബ്രേക് ദി ചെയ്ൻ വീണ്ടും ഫലപ്രദമായി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ പ്രധാന ജനവാസ കേന്ദ്രങ്ങളിലും, പഞ്ചായത്ത് ഓഫീസ് പരിസരത്തും കൈകഴുകുവാനുള്ള സംവിധാനം കുറേകൂടി ഊർജ്ജിതമാക്കി. ശുദ്ധജലം ടാങ്കുകളിൽ നിറച്ചും, ഒപ്പം സാനിറ്റൈസറും, സോപ്പും കൈകൾ കഴുകുന്നതിനായി തയ്യാറാക്കുകയും, കൈകൾ കഴുകേണ്ട രീതി വ്യക്തമാക്കുന്ന പോസ്റ്ററുകളും ടി സ്ഥലങ്ങളിൽ പതിപ്പിച്ചു. കൂടാതെ നൂറിലധികം ആൾക്കാർ സേവനത്തിനായി ദൈനംദിനം എത്തുന്ന ഫ്രണ്ട് ഓഫീസിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി നിർദ്ദേശങ്ങൾ തയ്യാറാക്കി പഞ്ചായത്ത് ഓഫീസ് പരിസരത്ത് പതിപ്പിച്ചു. നിലവിൽ എത്തുന്ന അപേക്ഷകൾ ബോക്സുകളിൽ സ്വീകരിച്ച് അണുവിമുക്തമാക്കി ഉപയോഗിക്കുന്ന രീതി വീണ്ടും പ്രയോഗത്തിൽ വരുത്താൻ തുടങ്ങി. ഒന്നിടവിട്ട ദിവസങ്ങളിൽ കോവിഡ് കോർകമ്മറ്റി, മോണിറ്ററിംഗ് കമ്മറ്റി എന്നിവ ചേരുകയും കൊറോണ എന്ന മഹാമാരിയെ സംബന്ധിച്ചുള്ള നിരീക്ഷണവും ജാഗ്രതയും സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തുകയും പിഴവുകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളു മായി മുന്നോട്ടുപോവുന്നതിനും പഞ്ചായത്ത് ഏറെ ജാഗ്രത പുലർത്തി വരുന്നു.

ആദ്യഘട്ടത്തിൽ കോവിഡ് നിരീക്ഷണത്തിൽ കഴിയുന്നവരുടെ വീട്ടുകളിൽ ഭക്ഷ്യധാന്യങ്ങൾ വിലയ്ക്ക് വാങ്ങി എത്തിക്കുന്നതിനും പഞ്ചായത്ത് മുൻകൈയ്യെടുത്തു. രോഗവ്യാപനം വർദ്ധിച്ചതോടെയും, ലോക്ഡൗൺ നിലവിൽ വന്നതോടെയും ഹോം ക്വാറന്റൈനിൽ ഇരിക്കുന്നവരിൽ നിന്നും ആവശ്യമായവരെയും, ഭക്ഷണം തയ്യാറാക്കാൻ ബുദ്ധിമുട്ട് അനുഭവിച്ച് ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവരുമായവരെ ജനപ്രതിനിധികളുടെ സഹായത്തോടെ കണ്ടെത്തി അവർക്കാവശ്യമായ ഭക്ഷണം സൗജന്യമായി ഉച്ചയ്ക്കും, വൈകുന്നേരവും ജനകീയ ഭക്ഷണശാലയുടെ സഹകരണത്തോടെ നൽകി വരുന്നു.
മരുന്ന് അടക്കമുള്ള മറ്റ് അവശ്യ വസ്തുക്കൾ വാർഡുതലത്തിൽ സജീവമായി പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സഹായത്തോടുകൂടി എത്തിച്ച് നൽകുന്നതിലും, അന്യസംസ്ഥാന തൊഴിലാളികളുടെ ജീവിത പശ്ചാത്തലങ്ങൾ മനസ്സിലാക്കി അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിലും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുന്നുണ്ട്.

കോവിഡ് രോഗികൾക്ക് ഏതു സമയവും സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നതിനായി ഒരു ആംബുലൻസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സൗജന്യമായും, അല്ലാതെയും കോവിഡ് രോഗികൾക്കായി വാഹനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കലവൂർ, മണ്ണഞ്ചേരി പി.എച്ച്.സി.കളുടെ സഹായത്തോടെ പഞ്ചായത്ത് കേന്ദ്രീകരിച്ച് മെഗാവാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിക്കുവാനും, അതിലൂടെ 960-ലധികം പേർക്ക് വാക്സിനേഷൻ എടുക്കുവാനും സാധിച്ചിട്ടുണ്ട്. വാക്സിൻ കേന്ദ്രത്തിലെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജാഗ്രതാസമിതികളുടെ സഹായത്തോടെ വാർഡുകൾ കേന്ദ്രീകരിച്ച് വാക്സിനേഷൻ രണ്ടാം ഘട്ടം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള മണ്ണഞ്ചേരി പഞ്ചായത്തിൽ കൊറോണയെ തുരത്തുക എന്ന ലക്ഷ്യവുമായി പഞ്ചായത്തിൽ കോവിഡ് കോൾ സെന്റർ, കൺട്രോൾ റൂം, വാർ റൂം, ഹെൽപ്പ് ഡെസ്ക് എന്നിവ രൂപീകരിക്കുകയും ജീവനക്കാരെ വിന്യസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഹെൽപ്പ് ഡെസ്കിലൂടെ പൊതുജനങ്ങൾക്ക് കോവിഡുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ദുരീകരണം നൽകുവാൻ സാധിക്കും. കൂടാതെ 23 വാർഡുകളിലും അംഗനവാടികൾ കേന്ദ്രീകരിച്ച് കോവിഡ് ജാഗ്രതാ സമിതികൾ രൂപീകരിക്കുവാനും, അവശ്യസർവ്വീസല്ലാത്ത ഡിപ്പാർട്ടുമെന്റുകളിൽ നിന്നും കോവിഡ് ചുമതലകൾക്കായി നിയമിക്കപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്ക് വാർഡുകളിലെ 100 വീടുകൾ ഉൾക്കൊള്ളുന്ന ക്ലസ്റ്ററുകളുടെ ചുമതലകൾ നൽകിയിട്ടുള്ളതുമാണ്.
ടി ജാഗ്രതാസമിതികളുടെയും മറ്റും അക്ഷീണ പ്രയത്നത്തിലൂടെ ഓരോ ദിവസവും പോസിറ്റീവായവരുടെയും വാക്സിൻ എടുക്കുന്നവരുടെയും, നെഗറ്റീവ് ആവുന്നവരുടേയും പ്രത്യേക ലിസ്റ്റ് തയ്യാറാക്കിവരുന്നു.
കൂടാതെ കൊറോണ വൈറസിനെതിരെയുടെ പോരാട്ടത്തിൽ അക്ഷീണം പ്രയത്നിക്കുന്ന പഞ്ചായത്തിലെ ജീവനക്കാരുടെ ആരോഗ്യസംരക്ഷണമട ക്കമുള്ള പ്രവർത്തികൾക്കായി പഞ്ചായത്ത് ഓഫീസിലെ ഭൂരിഭാഗം ജീവനക്കാരും കോവിഡ് വാക്സിൻ എടുത്തിട്ടുള്ളതും പൊതുജനങ്ങൾക്കായി പഞ്ചായത്തിന്റെയും ആരോഗ്യവകുപ്പിന്റെയും സംയുക്താഭിമുഖ്യ ത്തിൽ മെഗാ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിക്കുകയും 900-ലധികം പേർക്ക് വാക്സിനേഷൻ ഒന്നാംഘട്ടം നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്.
കോവിഡ് 19 രോഗവുമായി ബന്ധപ്പെട്ട് ദൈനംദിന വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു കോവിഡ് സ്റ്റാറ്റിസ്റ്റിക്സ് ഫോം തയ്യാറാക്കി ആയത് ഓരോ പി.എച്ച്.സി.കൾക്കും നൽകിയിട്ടുള്ളതും ആയത് ഓരോദിവസവും കൃത്യമാക്കി ലഭ്യമാക്കുന്നതുമാണ്. ആയത് പ്രകാരം കോവിഡ് ടെസ്റ്റുകൾ, പോസിറ്റീവ് കേസുകൾ, നെഗറ്റീവായവരുടെ എണ്ണം, ടെസ്റ്റുകൾ എടുത്തവരുടെ വിവരം, വാക്സിനേഷൻ സ്വീകരിച്ചവരുടെ വിവരം എന്നിവ ഓരോ ദിവസവും ലഭ്യമാക്കുവാൻസാധിച്ചിരുന്നു.
മാസ്കുകൾ ജീവിതത്തിന്റെ ഭാഗമാക്കണമെന്നും, മാസ്കുകൾ ഉപയോഗിക്കുന്നതിൽ വരുത്തുന്ന ഗുരുതരമായ വീഴ്ചയുടെ ദുരന്തഫലങ്ങളെകുറിച്ചും, ജനങ്ങൾ ബോധവത്കരണം നടത്തുന്നതിനും, കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തിയും, രോഗപ്രതിരോധ ത്തിന്റെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും മാസ്കും, സാനിറ്റൈസറും സൗജന്യമായി നൽകുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ ഹോമിയോ പ്രതിരോധ മരുന്നുകൾ വീടുകളിൽ ജനപ്രതിനിധികളുടെ സഹായത്തോടെ വിതരണം ചെയ്യുവാൻ സാധിച്ചു. കൂടാതെ സിദ്ധ പ്രതിരോധ മരുന്നുകൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.
മഴക്കാലം എത്തുന്നതോടെ എലിപ്പനി, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ എന്നിവയെല്ലാം ഉണ്ടാകാൻ സാദ്ധ്യതയുള്ളത് മുന്നിൽ കണ്ടുകൊണ്ട് മഴക്കാലപൂർവ്വ ശുചീകരണം ഓരോരുത്തരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ നോട്ടീസുകൾ തയ്യാറാക്കി 23 വാർഡുകളിലേയും ജനപ്രതിനിധികളുടെ സഹായത്തോടെ എത്തിക്കുവാൻ കഴിഞ്ഞു. ഈ നോട്ടീസുകളിൽ മെഡിക്കൽ ഓഫീസർമാരുടെ പേരും, നമ്പരും നൽകിയതിലൂടെ ജനങ്ങൾക്ക് ഡോക്ടർമാരെ നേരിൽ വിളിച്ച് സംശയങ്ങൾക്ക് അറുതി വരുത്തുന്നതിനും സാദ്ധ്യമാക്കിയിട്ടുണ്ട്.
അടിയന്തിര സാഹചര്യങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്ന രോഗികൾക്കും അവശ്യമരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, പൾസ് ഓക്സി മീറ്ററുകൾ എന്നിവ വാങ്ങുന്നതിന് ജി.ഒ. പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും, ആയതിന് വേണ്ട ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
ബഹു. കേന്ദ്ര, കേരള സർക്കാരുകളുടെയും, ആരോഗ്യവകുപ്പിന്റെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് പഞ്ചായത്ത് ജനപ്രതിനിധികളും, ജീവനക്കാരും, ആരോഗ്യ പ്രവർത്തകരുടേയും, പോലീസ്സേനയുടേയും സേവന സന്നദ്ധരായ ഒരുപറ്റം വാളണ്ടിയർ മാരുടേയും തോളോടുതോൾ ചേർന്ന ഒറ്റക്കെട്ടായുള്ള പ്രവർത്തനങ്ങളിലൂടെ കോവിഡ്-19 എന്ന മഹാമാരിയുടെ രണ്ടാം വ്യാപനത്തെ തടഞ്ഞു നിർത്താൻ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന് സാധിക്കും എന്നതിൽ സംശയമില്ല.
കോവിഡ്-19 വ്യാപനത്തിനെതിരെ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ട് മുഴുവൻ നേട്ടങ്ങളേയും ഉൾക്കൊള്ളിച്ച് കൊണ്ട് മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഒരു കോവിഡ് ഡയറി എന്ന ഡോക്യുമെന്റേഷൻ കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും മാതൃകാപരമാണ്.
ഒരുമയോടുകൂടിയുള്ള പ്രവർത്തനങ്ങളിലൂടെ സമൂഹത്തെ ഗ്രസിക്കുന്ന ഏതൊരു വിപത്തിനേയും സധൈര്യം നേരിടാമെന്നും, ആയതിനെ അതിജീവിക്കാമെന്നും രണ്ടു പ്രളയങ്ങൾ, കോവിഡ് 19 ഒന്നാംഘട്ടം പോലുള്ള വിഷമഘട്ടങ്ങളിലെ പ്രവർത്തനങ്ങളിലൂടെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിനായിട്ടുണ്ട്. ആയതുകൊണ്ടുതന്നെ കൊറോണയെന്ന ഈ മഹാവിപത്തിനെയും നേരിടുന്നതിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളും, ജീവനക്കാരുമടങ്ങുന്ന കർമ്മസേന പ്രതിജ്ഞാബദ്ധമായ പ്രവർത്തനങ്ങളാണ് കാഴ്ച വെയ്ക്കുന്നത്. ജനങ്ങളുടെ ജീവന് ഭീഷണിയാവുന്ന ഈ മഹാമാരിയെ ജാതി-മത-രാഷ്ട്രീയ ഭേദമന്യേ ഒറ്റക്കെട്ടായി നിന്ന് പോരാടി ഈ ഭൂമുഖത്തുനിന്നുതന്നെ ഇല്ലാതാക്കാനുള്ള ഉദ്യമത്തിൽ പഞ്ചായത്ത് പരിധിയിലെ ഓരോ വ്യക്തികളുടെയും സഹകരണവും ഒപ്പം ബഹു. കേരളസർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും കരുതലും, സഹകരണവും ഏറെ പ്രതീക്ഷയോടെയാണ് പഞ്ചായത്ത് നോക്കി കാണുന്നത്.

## 1-49 പൊതു ടാപ്പുകൾ- വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നില്ല.

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻവർഷം തനത് ഫണ്ടിൽ നിന്നും 2303705/-രൂപ വാട്ടർ അതോറിട്ടിയിൽ ഒടുക്കിയിട്ടുണ്ട്. 2021 മാർച്ച് മാസത്തെ വാട്ടർ ചാർജ്ജ് ഡിമാന്റ് നോട്ടീസ് (നം.50157 തീ.08.03.2021) പ്രകാരം 439 സ്ട്രീറ്റ് ടാപ്പുകൾക്ക് 5250/-രൂപ വാർഷിക നിരക്കിൽ പ്രതിമാസം 192063/- രൂപ വീതം വാട്ടർ ചാർജ്ജ് ഒടുക്കുന്നുണ്ട്. എന്നാൽ ആകെ എത്ര ടാപ്പുകളുണ്ടെന്നതു സംബന്ധിച്ച കൃത്യമായ കണക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. കൂടാതെ ജല ജീവൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ നൽകിയിട്ടുള്ള ഗാർഹിക കണക്ഷനുകളുടെ വിവരവും, വാട്ടർ അതോറിട്ടിയുമായി ചേർന്ന് ജോയിന്റ് വേരിഫിക്കേഷൻ വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. പൊതു ടാപ്പുകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനരഹിതമായ ടാപ്പുകൾ നിർത്തലാക്കുന്നതിനും ആവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നികുതി നിർണ്ണയം ആവശ്യമായ വർദ്ധനവ് നൽകുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകളിലെ സൈറ്റ് പ്ലാനിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്ഥമായി നികുതി നിർണ്ണയിച്ചിരിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു ഇവയിൽ കംപ്ളീഷൻപ്ളാനിൽ റോഡിന്റെ വീതി 5മീറ്ററിൽ കൂടുതൽ കാണിച്ചിട്ടുണ്ടെങ്കിലും വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ്,വലിയവീടുകളുടെ തറനിർമ്മിതി ഉയർന്നതരം വസ്തുക്കൾ കൊണ്ടായിരിക്കുമെന്നിരിക്കെ 250ച.മീറ്ററിനുമുകളിലുള്ള കെട്ടിടങ്ങൾക്ക് ഉയർന്നതരം തറനിർമ്മിതിക്ക്ബാധകമായ 15% വർദ്ധനവ് എന്നിവ ഇല്ലാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്രമനം | പേര്/വിലാസം | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | രമേശൻ,ഗോവിന്ദം 13/527A | 267.18ച.മീ, വാസഗൃഹം | 267.18 @7=1870.26<br>ഇളവുകൾ<br>ദ്വിതീയ മേഖല- 10%=187<br>ആകെ നികുതി-1683/- | 267.18@7=1870.26<br>ദ്വിതീയമേഖല ഇളവ് 10%=187<br>വർദ്ധനവ്<br>5 മീറ്ററിൽക്കൂടുതൽ വഴി സൌകര്യം -20%<br>ഉയർന്ന തറനിർമ്മിതി-15%<br>ആകെ വർദ്ധനവ് -25%=467.5<br>ആകെ നികുതി-2150/- | 467 |
| 2 | കുഞ്ഞുമോൻ., ശിൽപ്പകോട്ടേജ് 1/762A | 180.76 ച.മീ വാസഗൃഹം | 180.76 @7=1265.32<br>ഇളവുകൾ<br>ദ്വിതീയം മേഖല- 10%=126.5<br>ആകെ നികുതി=1138 | 180.76 @7=1265.32<br>ദ്വിതീയ മേഖല ഇളവ്- 10%=126.5<br>വർദ്ധനവ്<br>5 മീറ്ററിൽക്കൂടുതൽ വഴി സൌകര്യം -20%=253<br>ആകെ നികുതി=1391 | 253 |
| 3 | ബിനുജോൺ, ബിജുഭവനം 10/595E | 283.75ച.മീ വാസഗൃഹം | 283.75@7= 1986.25<br>ഇളവുകൾ<br>ദ്വിതീയ മേഖല- - 10% =199<br>ആകെ നികുതി=1787 | 283.75@7=1986.25<br>ഇളവുകൾ<br>ദ്വിതീയ മേഖല- 10% =199<br>ഉയർന്ന തറനിർമ്മിതി വർദ്ധനവ്-15%=298<br>ആകെ നികുതി=2085 | 298 |
| 4 | സന്ദീപ് കുമാർ 5/215A | 238.09ച.മീ വാസഗൃഹം | 238.09@7= 1666.63<br>ഇളവുകൾ<br>ദ്വിതീയ മേഖല- - 10%=166.6<br>ആകെ നികുതി=1500 | 238.09@7=1666.63<br>ഇളവുകൾ<br>ദ്വിതീയ മേഖല- - 10%=166.6<br>വർദ്ധനവ്<br>5 മീറ്ററിൽക്കൂടുതൽ വഴി സൌകര്യം -20%=333<br>ആകെ നികുതി=1833 | 333 |
| 5 | ഷമീർ എൻ.എ. ഇലയശേരിൽ 4/447A | 308.96ച.മീ വാസഗൃഹം | 308.96@7= 2162.7<br>ഇളവുകൾ<br>ദ്വിതീയ മേഖല- - | 308.96@7=2162.7<br>ദ്വിതീയ മേഖല ഇളവ് - 10%=216<br>വർദ്ധനവ്<br>5 മീറ്ററിൽക്കൂടുതൽ | 540 |

| | | | | | |
|---|---|---|---|---|---|
| | | | 10%=216<br>ആകെ നികുതി=1947 | വഴി സൌകര്യം -20%<br>ഉയർന്ന തറനിർമ്മിതി-15%<br>ആകെ വർദ്ധനവ് -25%=541<br>ആകെ നികുതി=2487 | |
| 6 | രമ പി.എസ്.<br>കൈതകുളങ്ങര<br>18/405A | വാണിജ്യം<br>GF-64.67<br>FF-64.67(കുറഞ്ഞതരം മേൽക്കൂര | 129.34@70=<br>9053.8<br>ദ്വിതീയ മേഖലഇളവ് - 10%<br>കുറഞ്ഞതരം മേൽക്കൂര ഇളവ് -10%<br>ആകെ ഇളവ്-20%=1810<br>ആകെ നികുതി=7244 | 129.34@70=9053.8<br>ദ്വിതീയ മേഖലഇളവ് - 10%=905<br>കുറഞ്ഞതരം മേൽക്കൂര ഇളവ് 10% (-64.67 ച.മീറ്ററിനു മാത്രം ബാധകം(50%))=452.5<br>5 മീറ്ററിൽക്കൂടുതൽ വഴി സൌകര്യം -20%=1810<br>ആകെ നികുതി=9506 | 2262 |
| 7 | സമീർ കണ്ടത്തിൽ<br>18/442A | വാണിജ്യം<br>154.5ച.മീ | 154.5@70<br>=10815<br>ദ്വിതീയ മേഖലഇളവ് - 10%=1081<br>ആകെ നികുതി=9734 | 154.5@70=10815<br>ദ്വിതീയ മേഖലഇളവ് - 10%=1081.5<br>5 മീറ്ററിൽക്കൂടുതൽ വഴി സൌകര്യം -20%=2163<br>ആകെ നികുതി=11897 | 2136 |
| ആകെ | | | | | 6289 |

നികുതി നിർണ്ണയത്തിലെ കുറവ് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (31/30.6.2022)നൽകിയതിന്റെ മറുപടി പ്രകാരം നികുതി പുനർ നിർണ്ണയിച്ചത് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സി.എഫ്.എൽ.റ്റി.സി വൈദ്യുതീകരണം-നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും, ആദായ നികുതിയും കരാറുകാരനിൽ നിന്ന് ഈടാക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കി.

പ്രോജക്റ്റ് നം - 383/21

പ്രോജക്റ്റിന്റെ പേര് - സി.എഫ്.എൽ.റ്റി.സി വൈദ്യുതീകരണം

അടങ്കൽ-തനത് ഫണ്ട് - 150000/-

ചെലവ് - 142449/-രൂപ- (ചെക്ക് നം.2870267 തീ.19.01.2021)

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ സി.എഫ്.എൽ.റ്റി.സി വൈദ്യുതീകരണം പ്രവർത്തികൾ എന്ന പ്രോജക്റ്റിനായി തൻവർഷം മേൽ ചെക്ക് പ്രകാരം 142449/-രൂപ-ചെലവഴിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഈ പ്രോജക്റ്റിന്റെ ബിൽ നല്കിയപ്പോൾ കരാറുകാരനിൽ നിന്നും ഈടാക്കേണ്ട നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും, ആദായനികുതിയും പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് നല്കിയതെന്ന് ബോധ്യപ്പെട്ടു. തന്മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും 2414/-രൂപയുടെ അധികച്ചെലവുണ്ടായതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം (എം. ബുക്ക് നം.544/20 പേജ് നം.12) | 120720 |
| 12% ജി.എസ്.റ്റി | 14486 |
| ആകെ | 135206 |
| എസ്റ്റിമേറ്റ് തയ്യാറാക്കൽ സൂപ്പർവിഷൻ, ഉടങ്ങിയവയ്ക്കുള്ള റെമ്യൂണറേഷൻ (3%) | 3622 |
| ചെക്ക് മെഷർമെന്റിനുള്ള ഓണറേറിയം(1%) | 1207 |
| ആകെ | 140035/-രൂപ |
| കുറവ് ചെയ്യേണ്ട തുക | |
| നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം (1%) | 1207 |
| ആദായനികുതി(1%) | 1207 |
| ആകെ കുറവ് ചെയ്യേണ്ട തുക | 2414 |
| കരാറുകാരന് അനുവദനീയമായ തുക (135206-2414) | 132792 |
| അനുവദിച്ച തുക | 135206 |
| അധികം നല്കിയ തുക | 2414/- രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

## 3-2 പത്ര പരസ്യം-അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാത്തത് സംബന്ധിച്ച്.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.9/2021) താഴെപ്പറയും പ്രകാരം നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽനം.തീ | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | പത്രത്തിന്റെ പേര് | ചെക്ക് നം./തീ |
|---|---|---|---|---|
| KOCKL110072654/08.05.2020 | 6804 | 1021 | ഇന്ത്യൻ എക്സ്പ്രസ് | 2870210/18.06.2020 |
| KOCKL110072384/18.03.2020 | 4536 | 680 | | 2870210/18.06.2020 |
| KOCKL110073091/20.06.2020 | 4536 | 680 | | 2870222/22.07.2020 |
| KOCKL110073391/11.07.2020 | 6804 | 1021 | | 2870231/18.08.2020 |
| KOCKL110073767/08.08.2020 | 3402 | 510 | | 2870232/23.08.2020 |
| KOCKL110073927/20.08.2020 | 3402 | 510 | | 2870245/22.09.2020 |
| KOCKL110074317/11.09.2020 | 5670 | 851 | | 2870249/27.10.2020 |
| KOCKL110074711/01.10.2020 | 3402 | 510 | | 2870256/23.11.2020 |
| KOCKL110075401/07.11.2020 | 4536 | 680 | | 2870261/14.12.2020 |
| ആകെ | | 6463 | | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 6463/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) അധികം നല്കിയ തുക പത്രസ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി അറിയിക്കാമെന്ന് മറുപടി നല്കി. തുക സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്നില്ലായെങ്കിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു
I)പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്നു കാണുന്നു . ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച/രജിസ്റ്റർ ചെയ്ത തീയതി/ | അനർഹമായ കാലയളവ്/തുക | തിരികെ ഒടുക്കേണ്ട തുക |
|---|---|---|---|---|---|
| 1 | എ.കെ.മദുസൂദൻ, ചക്കാലിച്ചിറ | വികലാംഗപെൻഷൻ 104450400506 | 8.5.2020/ 17.6.2020 | 6/2020 മുതൽ 5/2022വരെയുള്ള 33800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. (എസ്.ബി.ഐ) | 33800/- |
| 2 | ബീപാത്തുമ്മ, ഉത്തിക്കാട് | വാർദ്ധക്യകാല പെൻഷൻ 104450204293 | 4.7.2020/ 30.7.2020 | 8/2020മുതൽ 5/2022വരെയുള്ള 13200/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു (എസ്.ബി.ഐ) | 13200/- |
| 3 | ബേബി.പി.കെ പൊറ്റയിൽ | വികലാംഗ പെൻഷൻ 104450400391 | 18.8.2020/ 4.9.2020 | 9/2020മുതൽ 5/2022വരെയുള്ള 32500/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു (ഐ.ഒ.ബി) | 32500/- |
| 4 | അബ്ദുൾഖാദർ, ഈരേവെളിയിൽ | വാർദ്ധക്യകാല പെൻഷൻ 104450205064 | 20.8.2020/ 8.9.2020 | 9/2020മുതൽ 5/2022വരെ 32500/-രൂപ (എസ്.ബി.ഐ) ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു . | 32500/- |

| | | | | | |
|---|---|---|---|---|---|
| 5 | വർഗീസ് ,സിനോജ് ഭവനം | „ 104450200762 | 30.9.2020 30.10.2020 | 10/2020മുതൽ 5/2022വരെ 31100/-രൂപ (എസ്.ബി.ഐ) ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു . | 31100/- |
| 6 | ദുശ്ശള, കുറ്റിപ്പുറത്തുവെളി | „ 104450200162 | 21.9.2020/ 3.11.2020 | 10/2020മുതൽ 5/2022വരെ 31400/-രൂപ (എസ്.ബി.ഐ) ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു . | 31400/- |
| 7 | പി.കെ .അപ്പുക്കുട്ടൻ കുറുപ്പംവീട് | „ 104450204833 | 11.112020/ 30.11.2020 | 12/2020മുതൽ 5/2022വരെ 28300/-രൂപ ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ചു | 28300/- |
| 8 | കെ.പി.കുഞ്ഞുമണി, നായ്ക്കുപറമ്പ് | „ 104450204376 | 23.11.202024.12.2020 | 12/2020മുതൽ 5/2022വരെ 28300/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 28300/- |
| 9 | മണിയപ്പൻ, മറ്റത്തിവെളി | „ 104450203283 | 4.12.2020 1.1.2020 | 1/2021മുതൽ 5/2022വരെ 26900/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 26900/- |
| 10 | തങ്കമ്മ, പൊക്കത്ത് വീട് | „ 104450202587 | 29.11.2020 8.1.2021 | 12/2020മുതൽ 5/2022വരെ 10800/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 10800/- |
| 11 | മുഹമ്മദ് റഷീദ് ചക്കാലവെളിയിൽ | „ 104450201250 | 26.10.2020/ 24.11.2020 | 11/2020മുതൽ 5/2022വരെ 29700/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 29700/- |
| 12 | ശാന്തകുമാർ കൊച്ചീത്ര | „ 104450200397 | 25.12.2020/ 13.1.2021 | 1/2021മുതൽ 5/2022വരെ 26900/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 26900/- |
| ആകെ | | | | | 3,25400/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കിയോ/ ബാങ്ക് അക്കൌണ്ടിൽ തുക നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കേരളബാങ്കിലെ അക്കൌണ്ടിലേക്ക് ഒടുക്കിയതിന്റെ ( A/c 001101023000269,IFS Code KSBK0000101) വിശദാംശം ലഭ്യമാക്കേണ്ടതാണ്.

II) പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിലെ ഡെത്ത് റിപ്പോർട്ട് പരിശോധിച്ചതിൽ മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവനഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ വളരെയധികം കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്കും,നേരിട്ട് പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സഹകരണബാങ്കുകളിലെ അക്കൌണ്ടുകളിലേക്കും നൽകിയിട്ടുണ്ട്.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചവർ

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ കാലയളവ്/ തുക | തിരികെ ഒടുക്കേണ്ട ആകെ തുക |
|---|---|---|---|---|---|
| 1 | കനകമ്മ ശ്രീവിലാസം, കാവുങ്കൽ | വാർദ്ധക്യകാല പെൻഷൻ 104450203251 | 16.5.2020/ 16.5.2021 | 6/2020 മുതൽ 4/2021 വരെയുള്ള 7200/-രൂപ ഫെഡറൽ ബാങ്ക് | 7200/- |

| | | | | | |
|---|---|---|---|---|---|
| | | | | അക്കൌണ്ടിൽ നിക്ഷേപിച്ചു. | |
| 2 | നബീസാഉമ്മ നമ്പിനാവെളി | വാർദ്ധക്യകാല പെൻഷൻ 104450202897 | 12.6.2020 6.2.2021 | 7/2020 മുതൽ 1/2021 വരെയുള്ള 4200-രൂപ ഫെഡറൽ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 4200/- |
| 3 | ബീമാ,കാരിക്കശേരിൽ | ,, 104450204892 | 7.6.2020/ 9.1.2021 | 7/2020 മുതൽ 1/2021 വരെയുള്ള3000/- -രൂപ എസ്.ബി.ഐ.ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 3000/- |
| 4 | മുഹമ്മദ് ഷരീഫ്, ബ്ലാവത്ത് | ,, 104450202134 | 16.7.2020/ 20.11.2021 | 8/2020 മുതൽ 2/2021 വരെയുള്ള 6200/-രൂപ SBI അക്കൌണ്ടിൽ നിക്ഷേപിച്ചു. 3/2021 മുതൽ 10/2021 വരെയുള്ള 14100/-രൂപ ബാങ്കിനുകൈമാറി | 20300/- |
| 5 | രുദ്രാണി , പാലക്കൽ | കർഷകത്തൊഴിലാളി പെൻഷൻ 104450100128 | 30.7.2020/ 19.1.2021 | 8/2020 മുതൽ 11/2020 വരെയുള്ള 3000/-രൂപ എസ്.ബി.ഐ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 3000/- |
| 6 | സരസമ്മ മുണ്ടുചിറ | വാർദ്ധക്യകാല പെൻഷൻ 104450203085 | 12.9.2020/ 18.12.2021 | 10/2020 മുതൽ 11/2021 വരെയുള്ള 8400/-രൂപ എസ്.ബി.ഐ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 8400/- |
| 7 | ഗംഗാധരൻ.കെ.എൻ മൊഴപ്പുറത്ത് | ,, 104450202427 | 29.10.2020 19.11.2021 | 11/2020 മുതൽ 10/2021 വരെയുള്ള 7200/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 7200/- |
| 8 | രുഗ്മിണി അമ്മ ചക്കാലവെളിയിൽ ,229 | ,, 104450202187 | 6.2.2021 10.2.2022 | 3/2021 മുതൽ 10/2021 വരെയുള്ള 4800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 11/2021 മുതൽ 1/2022 വരെയുള്ള 1800/-രൂപ ബാങ്കിനു കൈമാറി | 6600/- |
| ആകെ | | | | | 59900/- |

പെൻഷനേഴ്സിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകിയിട്ടുള്ള തുകകൾ( 325400+59900 )= 385300/-കേരളബാങ്കിലേക്ക് ഒടുക്കുവരുത്തിയത് അറിയിക്കുന്നതുവരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

.

## 3-4 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വില 250/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കൂടാതെ കാലിവീപ്പയ്ക്ക് 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ജി.എസ്.ടി ഉൾപ്പെടെ 295രൂപനിരക്കിൽ ഈടാക്കിയ തുക | | ബിൽ നമ്പർ |
|---|---|---|---|---|---|---|
| | | | | | ജി.എസ്.ടി ഈടാക്കിയതിൽ കുറവ് | |
| 1 | 94/21 വാണിയപുരയ്ക്കൽ കന്നിട്ടപ്പറമ്പ് റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 27ബാരൽ | 7670 | 00 | 36/10.11.20 997748/- |
| 2 | 345/21 ജുമാ മസ്ജിദ് റോഡ് ടാറിംഗ് രണ്ടാം ഘട്ടം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4 ബാരൽ | 1180 | 00 | 50/2.12.20 226000/- |
| 3 | 237/21 ചേന്ദനാട് അംഗൻവാടി റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12 ബാരൽ | 3000 | 372 | 22/10.7.20, 481322/- |
| 4 | 275/21 ബസ് സ്റ്റാന്റ്-കണ്ടത്തിൽ റോഡ് റീ ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13 ബാരൽ | 3250 | 403 | 16/26.6.20, 224353/- 54/11.1.21, 25000/- 75/3.3.21, 225000/- |
| 5 | 26/21 കാവുങ്കൽ തോട്ടപ്പള്ളി ചക്കാല റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 41ബാരൽ | 12095 | 00 | 67/3.3.21, 499485/-, |
| 6 | 174/21 മേത്തർ റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8ബാരൽ | 2000 @250/bl | 248 | 18/10.7.20 398067/- |
| 7 | 82/21 ബ്യൂട്ടി മടയാം തോട് റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 23ബാരൽ | 5750 @250/bl | 713 | 46/7.12.20 996268/- |
| 8 | 290/21 ഡി.സി മിൽസ് റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 32ബാരൽ | 9440/-@295/bl | 00 | 77/15.3.21, 500000/- 78/15.3.21 148059/- |
| 9 | 180/21 കാരുചിറ നമ്പ്യാനവെളി റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4ബാരൽ | 1000/- @250/bl | 124 | 19/10.7.20, 202123 |
| 10 | 179/21 NH-66 PHC ബ്ലോക്ക് ഓഫീസ് റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11ബാരൽ | 2750 @250/bl | 341 | 2/20.5.20, 378026/- |
| 11 | 28/21 മനയത്തുശ്ശേരി തൈക്കാവ് റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6ബാരൽ | @281/bl 1686 | 00 | 68/31.3.21 , 293171/- |
| 12 | 29/21 കറുമുളശ്ശേരി റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5 ബാരൽ | 1405 | 00 | 66/3.3.21 298552/- |
| | 30/21 തൃക്കോവിൽ അമ്പലം റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10ബാരൽ | 2810 | 00 | 70/3.3.21, 396448/- |
| | | | | ആകെ | 2201 | |

ഏതാനം ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/27.6.22)ലഭ്യമാക്കിയ മറുപടിയിൽ കാലി വീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡുകളിലേക്ക് തിരികെ ഒടുക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഇപ്രകാരം സൂക്ഷിച്ചിട്ടുള്ള തുകയിൽ ജി.എസ്.ടി പ്രത്യേകം കണക്കാക്കി ഒടുക്ക് വരുത്തേണ്ടതും ഈടാക്കിയതിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതുമാണ്.

## 3-5 RR Masonary-അധിക നിരക്ക് നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 34-ാം നമ്പർ അംഗനവാടിക്ക് പുതിയ കെട്ടിം നിർമ്മാണം |
| പ്രോജക്ട് നമ്പർ | 222/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അനസ് നൈന.എ |
| അളവു പുസ്തകം | 36/18-19 |
| ചെലവു വിവരം | ചെക്ക് നമ്പർ- 598036/26.6.20, 1392916/-രൂപ |

എസ്.0182/19 ആയി അംഗീകാരം ലഭിച്ചതും 2020-21 ൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയതുമായ മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ടിപദ്ധതിയിൽ ഫൗണ്ടേഷൻ, സൂപ്പർസ്ട്രക്ചർ എന്നിവ നിർമ്മിച്ചിരിക്കുന്നത് RR Masonary യിലാണ്. RR Masonary ചെയ്തതിന് പുറമേ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 10cm കനത്തിൽ ചെയ്തിട്ടുണ്ട്. ഇത് ചെയ്തിട്ടുള്ളതിനാൽ RR Masonaryയുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. RR Masonaryയുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇന്ഡക്സ് 48.71% | 44.78 |
| | 136.72 (Say 137/m3) |

ടി പ്രവൃത്തിയിൽ RR Masonary 27.58m$^3$ ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി കരാറുകാർക്ക് അധികം തുക നൽകാനിടയായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | കരാറുകാരന്റെ പേര് | RR Masonary ചെയ്ത അളവ് | 1:2:4സിമന്റ് കോൺക്രീറ്റ് ചെയ്ത അളവ് | RR Masonary അനുവദിച്ച തുക | RR Masonary അനുവദിക്കാവുന്ന തുക (അനുവദിച്ച നിരക്ക്-137/m$^3$) | അധികം | ബിൽ/ ചെക്ക് നമ്പർ തിയതി |
|---|---|---|---|---|---|---|---|---|
| 1. | 222/21,34-ാം നമ്പർ അംഗനവാടിക്ക് പുതിയ കെട്ടിം നിർമ്മാണം | അനസ് നൈന.എ | 27.58m$^3$ | 2.225m$^3$ | @6143.10/m$^3$x27.58m$^3$ =169426/- | @6006.10/m$^3$ =165648/- | 3778+12% = 4231/- | 598036/ 26.6.20, 1392916/- |
| 2 (1) | 225/21 അംഗനവാടി കളുടെ ചുറ്റമതിൽ നിർമ്മാണവും | മുഹമ്മദ് കുഞ്ഞ് നൈന | അംഗനവാടി128 | | | | | 1492365 |
| | | | 10.722m$^3$ | 2.144m$^3$ | @5897.62/m$^3$ X10.722m3 =63234/- | @5760.62 X 10.722m$^3$ =61765/- | 1469+12% =1645/- | |
| 2 (2) | | | അംഗനവാടി 25 | | | | | |
| | | | 5.554m$^3$ | 1.129m$^3$ | @5897.62/m$^3$ X5.554m$^3$ =32755/- | @5760.62 X 5.554m$^3$ =31994/- | 761+12%= 852/- | |
| 2(3) | | | അംഗനവാടി 106 | | | | | |
| | | | 12.722m$^3$ | 20mm Bs, 0.10മീ.കനത്തിൽ Ccചെയ്തിട്ടുണ്ട്. | @5897.62/m$^3$ X12.722m$^3$ =75029/- | @5760.62/m$^3$ X 12.722m$^3$ =73287 | 1742 +12% = 1951/- | |
| 2(4) | | | അംഗനവാടി 53 | | | | | |
| | | | 3.58m$^3$ | 0.956m$^3$ | @5897.62/m$^3$ X3.58m$^3$ =21113/- | @5760.62/m$^3$ X3.58m$^3$ =20623 | 490 +12% =549 | |
| 2(5) | | | അംഗനവാടി 47 | | | | | |
| | | | 4.67m$^3$ | 0.81m$^3$ | @5897.62/m$^3$ X4.67m$^3$ =27542 | @5760.62/m$^3$ X4.67m$^3$ =26902 | 640 +12% =717 | |
| 2(6) | | | അംഗനവാടി 58 | | | | | |
| | | | 3.447m$^3$ | 0.609m$^3$ | @5897.62/m$^3$ X3.447m$^3$ =20329 | @5760.62/m$^3$ X3.447m$^3$ =19857 | 472 +12%529 | |
| 2(7) | | | അംഗനവാടി 55 | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | 4.803$m^3$ | 0.831$m^3$ | @5897.62/$m^3$ X4.803$m^3$ =28326 | @5760.62/$m^3$ X4.803$m^3$ =27668 | 658 +12%= 737 | |
| 3 | 96/20 സ്കൂൾ ഡെവലപ്മെന്റ് സെന്റർ ചുറ്റമതിൽ | ഷൗക്കത്തലി | 21.552$m^3$ | 20mm Bs, 0.10മീ. കനത്തിൽ Ccചെയ്തിട്ടുണ്ട്. | @5323/m3 X 21.552 = 114721 | @5186/m3 X 21.552 =111769 | 2952 +12%=3306 | 3,4/ 20-21, 446273 |
| | | | | ആകെ | | | 14517 | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (13/27.6.22) ലഭ്യമാക്കിയ മറുപടിയിൽ പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ പ്രകാരം RRമേസണറി ചെയ്യുമ്പോൾ മേൽ പ്രതലം ലെവൽ ചെയ്യുന്നതിന് 1:6:12 മിശ്രിത കോൺക്രീറ്റ് ലെവലിംഗ് കോഴ്സായി ഉപരിതലം ലെവൽ ആക്കണമെന്ന് നിർദ്ദേശിക്കുന്നു. അതുകൊണ്ട് ഒരു കോൺക്രീറ്റ് ബെൽറ്റിന്റെ പ്രയോജനം ലഭിക്കില്ലെന്നും പറഞ്ഞിരിക്കുന്നു. മറുപടി അംഗീകരിക്കുന്നു. എന്നാൽ ആർ.ആർ.എമ്മിന് മീതെ 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ചെയ്യുമ്പോൾ ആർ.ആർ.എമ്മിന്റെ നിരക്കിലുൾപ്പെട്ടിട്ടുള്ള 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് കുറവ് ചെയ്യേണ്ടതാണ്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികം നൽകിയ 14517/-രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-6 തറമൂട് നന്ദികാട് റോഡ് ടാറിംഗ്, ഇന്റർലോക്ക് വിരിക്കൽ- അധിക ചെലവ്

പ്രോജക്ട് നമ്പർ - 98/21

തറമൂട് നന്ദികാട് റോഡ് ടാറിംഗ്, ഇന്റർലോക്ക് വിരിക്കൽ

അടങ്കൽ -600000/- കരാറുകാരൻ - അനസ് നൈന

അളവ് പുസ്തകം- 3/20-21

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കടിയമ്പള്ളി കുന്നപ്പള്ളി റോഡിൽ കിഴക്കോട്ടു കിടക്കുന്ന നിലവിലെ ടാർ റോഡിന് ശേഷമുള്ള റോഡാണിത്. നിലവിൽ ആദ്യത്തെ 210 മീറ്റർ ഫസ്റ്റ് മെറ്റലിംഗ് ചെയ്ത് കിടക്കുന്നതാണ്. ആയതിനാൽ 10സെ.മീ. കനത്തിൽ WMMവിരിച്ച് ടാറിംഗ് നടത്തുന്നതിനും പിന്നിട്ടുള്ള ചെയിനേജ് 210മുതൽ 248.50വരെ 38.50മീ. ഗ്രാവൽ, ക്വാറി മക്ക്, WMM വിരിച്ച് ടാറിംഗും ബാക്കി റോഡ് ഭാഗം 5മീറ്റർ നീളത്തിൽ ഇന്റർ ലോക്ക് ടൈൽ വിരിക്കുകയുമാണ്. ഈ പ്രവൃത്തി ചെയ്യുന്നതുവഴി 248.5മീ. ടാർ റോഡും 5മീ. ഇന്റർ ലോക്ക് ടൈൽ റോഡും ഗതാഗതത്തിന് യോഗ്യമാകുമെന്ന് പറഞ്ഞിരിക്കുന്നു. ഇതിൽ നിന്നും ആകെ ടാർ ചെയ്യേണ്ട നീളം 248.50മീറ്ററാണെന്ന് വ്യക്തമാണ്.

അളവ് പുസ്തകം പുറം 2 പ്രകാരം ഒന്നാമിനമായി എർത്തേൺ ഷോൾഡർ കൺസ്ട്രക്ഷൻ 38.5മീറ്റർ നീളത്തിലും രണ്ടാമിനമായി ഫില്ലിംഗ് ലോ ലെയിംഗ് ഏരിയ വിത്ത് ക്വോറി മക്ക് 38.5മീറ്റർ നീളത്തിലും മാത്രമാണ് ചെയ്തിട്ടുള്ളത്. അതായത് ചെയിനേജ് 210മുതൽ 248.50വരെയുള്ള 38.5മീറ്റർ. ഇത് പ്രകാരം നിലവിലെ ഫസ്റ്റ് മെറ്റലിംഗ് ചെയ്തിട്ടുള്ള 210 മീറ്ററും ഫില്ലിംഗ് നടത്തിയ 38.5മീറ്ററും ഉൾപ്പെടെ ആകെ 248.50മീറ്റർ മാത്രമേ WMMപ്രവൃത്തിയും ടാറിംഗും ചെയ്യുവാൻ സാധിക്കുകയുള്ളൂ. എന്നാൽ അളവ് പുസ്തകം പുറം 5, LFB-31/17-18,(പുറം32മുതൽ48വരെ) 252മീറ്റർ നീളത്തിൽ WMM, ടാറിംഗ് എന്നിവ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം/ ചെയ്ത അളവ് | പരിമിതപ്പെടുത്തി നൽകിയ തുക | അധികം ചെയ്ത അളവ് | പരിമിതപ്പെടുത്തിയ ശേഷം അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | WMM 80.377$m^3$ | 80.326m3 X3229/m3 =259372.65 | (252-248.5)x3.15x0.153av.= 1.686$m^3$ | (1.686$m^3$-0.051) X3229/m3= 5279/- | |
| 2 | പ്രൈം കോട്ട് 745.8$m^2$ | 745.5$m^2$ X55.5/$m^2$ =41375/- | (252-248.5)x3.15= 11.025$m^2$ | (11.025$m^2$ 0.3)x 55.5/$m^2$ =595/- | |
| 3 | ടാക്ക് കോട്ട് 745.8$m^2$ | 745.5$m^2$ X12.2/$m^2$ =9095/- | (252-248.5)x3.15= 11.025$m^2$ | 11.025$m^2$ 0.3)x 12.2/$m^2$ =131/- | 63/10.3.21 598807/- |
| 4 | 20mm Cc745.8$m^2$ | 745.5$m^2$ X156.2/$m^2$ =116447/- | (252-248.5)x3.15= 11.025$m^2$ | 11.025$m^2$ 0.3)x 156.2/$m^2$ =1675/- | |
| 5 | സീൽ കോട്ട്745.8$m^2$ | 745.5$m^2$ X64.9/$m^2$ =48383/- | (252-248.5)x3.15= 11.025$m^2$ | 11.025$m^2$ 0.3)x 64.9/$m^2$ =696/- | |
| ആകെ | | | | 8376 | |
| 12%GST | | | | 1005 | |
| ആകെ | | | | 9381 | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/27.6.22) ലഭ്യമാക്കിയ മറുപടിയിൽ അനുവദിച്ച തുക ലാപ്സാക്കികളയാതെ ആ തുകയ്ക്ക് കൂടി നീളം വർദ്ധിപ്പിച്ച് പ്രവൃത്തി പൂർത്തിയാക്കുകയാണുണ്ടായതെന്നും എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി 3.5മീറ്റർ അധികം ചെയ്തതായും അറിയിച്ചിരിക്കുന്നു. എന്നാൽ ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നവിധം പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടോ മറുപടിയെ സാധൂകരിക്കുന്ന വിധം അളവ് പുസ്തകത്തിലോ യാതൊരു രേഖപ്പെടുത്തലുകളുമില്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ സൂചിപ്പിച്ച വിധം ആകെ അധികം ചെലവഴിച്ച 9381/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-7 ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു.

വർക്ക് കോഡ്- RC/276198

സർവ്വീസ് സ്റ്റേഷൻ പരസ്പരം വായനശാല ഫുട്പാത്ത് കോൺക്രീറ്റിംഗ്

അടങ്കൽ-500000/-

FTOനമ്പർ- 373256/17.10.20, 297792

2020-21ൽ നടപ്പിലാക്കിയ സർവ്വീസ് സ്റ്റേഷൻ പരസ്പരം വായനശാല ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 110/20 പ്രകാരം 162.9മീറ്റർ നീളത്തിൽ ശരാശരി 2.55മീറ്റർ വീതിയിൽ 0.08മീറ്റർ കനത്തിൽ1:4:8അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 34.02m$^3$ ചെയ്തിട്ടുണ്ട്. ആയതിന് 5748.55/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. 34.02m$^3$ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65m3 എന്ന നിരക്കിൽ 22.11m3 40mmമെറ്റൽ ആവശ്യമാണ്. മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബിൽ പ്രകാരം 22.10m3, 40mmമെറ്റൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. (എന്നാൽ അളവ് പുസ്തകം പുറം 6ൽ 24m3 സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത് അസാധ്യമാണ്.) ഇതിൽ നിന്നും 7.5%വോയിഡ്സ് കുറവ് ചെയ്താൽ 20.44m3 മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.6.22) ലഭ്യമാക്കിയ മറുപടിയിൽ വോയിഡ്സ് കുറവ് ചെയ്താണ് കരാറുകാരൻ ബിൽ ലഭ്യമാക്കിയിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ബിൽ പ്രകാരം കൊണ്ടുവരുന്ന മെറ്റൽ സ്റ്റാക്ക് ചെയ്യുമ്പോഴും അതേ അളവ് മാത്രമേ ഉണ്ടാവുകയുള്ളൂ. ബിൽ പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്യുന്ന മെറ്റൽ ഒരിക്കലും സ്റ്റാക്ക് ചെയ്യുമ്പോൾ വർദ്ധിച്ചുവരുകയില്ല. ബിൽ പ്രകാരമുള്ള അളവിൽ നിന്നാണ് വോയിഡ്സ് കുറവ് ചെയ്യേണ്ടത്. ആയതിനാൽ 7.5%വോയിഡ്സ് കുറവ് ചെയ്താൽ ലഭിക്കുന്ന20.44m$^3$ മെറ്റലുപയോഗിച്ച് കോൺക്രീറ്റ് (ഘനമീറ്ററിന് 0.65m3 നിരക്കിൽ) ചെയ്യാവുന്നത് 31.44m$^3$ മാത്രമാണ്. എന്നാൽ 34.02m$^3$ പ്രവൃത്തി ചെയ്തതിന് 5748.55/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കോൺക്രീറ്റിംഗിനായി അധികം ചെലവഴിച്ച (34.02m$^3$-31.44m$^3$), 2.58m3x 5748.55/m3= 14831/-രൂപയും അധികം നൽകിയ 40mmമെറ്റലിന്റെ വില (22.10m$^3$-20.44m$^3$), 1.66m$^3$ X2250/m$^3$ =3735/-രൂപയുമുൾപ്പെടെ ആകെ 18566/-ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദികളായ അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ(എൻ.ആർ.ഇ.ജി.എസ്) എന്നിവരിൽ നിന്നോ തുല്യമായി ഈടാക്കേണ്ടതാണ്.

2.വർക്ക് കോഡ്- RC/285594

ആലപ്പി മിൽസ് കൊല്ലംപറമ്പ് റോഡ് കോൺക്രീറ്റിംഗ്.

ആകെ മൂല്യം-143940

FTOനമ്പർ- 828230/6.3.21,

അളവ് പുസ്തകം 100/20 പ്രകാരം 56.8മീറ്റർ നീളത്തിൽ ശരാശരി 2.86മീറ്റർ വീതിയിൽ 0.10മീറ്റർ കനത്തിൽ1:4:8അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 16.24m$^3$ ചെയ്തിട്ടുണ്ട്. ആയതിന് 5748.55/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. 16.24m$^3$ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65m3 എന്ന നിരക്കിൽ 10.556m3 40mmമെറ്റൽ ആവശ്യമാണ്. മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബിൽ പ്രകാരം 10.556m3, 40mmമെറ്റൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. (എന്നാൽ അളവ് പുസ്തകം പുറം 4ൽ11.55m$^3$ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത് അസാധ്യമാണ്.) ഇതിൽ നിന്നും 7.5%വോയിഡ്സ് കുറവ് ചെയ്താൽ 9.76m$^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. മേൽ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള വിധം 9.76m$^3$ മെറ്റലുപയോഗിച്ച് കോൺക്രീറ്റ് (ഘനമീറ്ററിന് 0.65m3 നിരക്കിൽ) ചെയ്യാവുന്നത് 15.01m$^3$ മാത്രമാണ്. എന്നാൽ 16.24m$^3$ പ്രവൃത്തി ചെയ്തതിന് 5748.55/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കോൺക്രീറ്റിംഗിനായി അധികം ചെലവഴിച്ച (16.24m$^3$-15.01m$^3$), 1.23m$^3$x 5748.55/m$^3$= 7070/-രൂപയും അധികം നൽകിയ 40mmമെറ്റലിന്റെ വില (10.55m$^3$-9.76m$^3$), 0.79m$^3$ X2250/m$^3$ =1777/-രൂപയുമുൾപ്പെടെ ആകെ 8847/- അധികം ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ അധികം ചെലവഴിച്ച (18566+ 8847), 27413/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദികളായ അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ(എൻ.ആർ.ഇ.ജി.എസ്) എന്നിവരിൽ നിന്നോ തുല്യമായി ഈടാക്കേണ്ടതാണ്.

## 3-8 ഈഴാങ്കര പയ്യമ്പള്ളി റോഡ് ഗ്രാവലിംഗ്-ജി.എസ്.ടി അധികം നൽകി

പ്രോജക്ട് നമ്പർ - 71/21

ഈഴാങ്കര പയ്യമ്പള്ളി റോഡ് ഗ്രാവലിംഗ്

അടങ്കൽ -200000/- കരാറുകാരൻ - മുഹമ്മദ് കുഞ്ഞ് നൈന

ബിൽ നമ്പർ-75/15.3.21, 199089/-

ഈഴാങ്കര പയ്യമ്പള്ളി റോഡ് ഗ്രാവലിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ചെയിനേജ് 108.5മീറ്റർ നീളത്തിൽ 126.635m$^3$ ഗ്രാവൽ ഫില്ലിംഗും 35.07m$^3$ ക്വോറി മക്ക് ഫില്ലിംഗും ആണ് ചെയ്തിട്ടുള്ളത്. ഇതിൽ ഗ്രാവൽ ഫില്ലിംഗ് മാത്രം 77%ൽ കൂടുതൽ വരുന്നുണ്ട്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119പ്രകാരം കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%). എന്നാൽ മേൽ പ്രവൃത്തിയിൽ ചുവടെ ചേർത്തിരിക്കുന്ന വിധം 12% GST നൽകിയിട്ടുണ്ട്.

| ഇനം | ചെയ്ത അളവ് | നൽകിയ തുക | ആകെ പ്രവൃത്തി മൂല്യം | പ്രവൃത്തി മൂല്യം ശതമാന കണക്കിൽ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഗ്രാവൽ ഫില്ലിംഗ് | 126.635$m^3$ | @1083.84/$m^3$, 137252/- | 177753.37/- | 77.215% |
| ക്വോറി മക്ക് ഫില്ലിംഗ് | 35.07$m^3$ | @1154.87/m3 40501/- | | 22.785% |
| | 12%GST | | 21330.40 | |
| ആകെ | | | 199084/- | |
| അനുവദനീയമായ GST 5% | | | 8888/- | |
| GST ഇനത്തിൽ അധികം നൽകിയ തുക | | | 12442/- | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/29.6.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ ഉത്തരവ് ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജി.എസ്.ടിയിനത്തിൽ കരാറുകാരന് അധികം നൽകിയ 12442/- തിരികെ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-9 പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ്- അധിക തുക നല്കി

പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കുന്നതിനായി മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ തൻവർഷം താഴെപ്പറയും പ്രകാരമുള്ള 3 പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നു.

| പ്രോജക്ട് നം | 223 (സ്പിൽ ഓവർ) | 316 | 386 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ് | പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ് | പ്ലാസ്റ്റിക് മെറ്റീരിയൽ ട്രാൻസ്പോർട്ടേഷൻ ചാർജ് തുക നൽകൽ |
| അടങ്കൽ | 200000 (തനത് ഫണ്ട്) | 200000 (തനത് ഫണ്ട്) | 200000 (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| ചെലവ് | 141550/-രൂപ | 165805/-രൂപ | 83860/-രൂപ |
| | | | |

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 28.05.2020-ലെ 1(7)-ാം നമ്പർ തീരുമാന പ്രകാരം വിവിധ വാർഡുകളിലും എം.സി.എഫ് കെട്ടിടത്തിലും ശേഖരിച്ച് വെച്ചിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വാഹന വാടക, കയറ്റിറക്ക് കൂലി, പ്ലാസ്റ്റിക് മാലിന്യത്തിന്റെ വില എന്നിവ ഉൾപ്പെടെ 5/-രൂപ നിരക്കിൽ സജീദ്.എ, വടക്കേ കോവ്വൂർ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ച് നല്കിയിരുന്നു. പഞ്ചായത്തുമായി എഗ്രിമെന്റ് വെയ്ക്കുന്നതിലേയ്ക്ക് ടിയാൻ മുദ്രപത്രം വാങ്ങി നല്കിയിട്ടുണ്ടെങ്കിലും കരാർ എഴുതി തയ്യാറാക്കിയതായി കാണുന്നില്ല. ടിയാൻ 2020 ജൂൺ, ജൂലൈ മാസങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുകയും പഞ്ചായത്തിൽ നിന്നും ആയതിന്റെ ബിൽ മാറി നല്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ പിന്നീട് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യാത്തതിനെ തുടർന്ന് 18.12.2020-ൽ കരാറുകാരന് നോട്ടീസ് നല്കിയിട്ടുണ്ട്. തുടർന്ന് കരാറുകാരൻ 5/-രൂപ നിരക്കിൽ മാലിന്യം ശേഖരിക്കാൻ സാധിക്കില്ലായെന്ന് അറിയിക്കുകയും തുടർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 22.01.2021-ലെ 9(1)-ാം നമ്പർ തീരുമാന പ്രകാരം ഷിഹാബുദീൻ, തെക്കേഉടുമ്പിത്തറയിൽ എന്ന വ്യക്തിക്ക് 7/-രൂപ നിരക്കിൽ കരാർ ഉറപ്പിച്ച് നല്കുകയും ചെയ്തിരിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം കരാറുകാരൻ കരാർ ഉടമ്പടിയുടെ വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ കരാർ റദ്ദാക്കാവുന്നതും അതു മൂലം പഞ്ചായത്തിന് നേരിട്ടേക്കാവുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. ആദ്യ കരാറുകാരൻ സജീദ്.എ, വടക്കേ കോവ്വൂർ എന്ന വ്യക്തി കരാർ ലംഘനം നടത്തി പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാതിരുന്നതു മൂലം പുതുതായി കരാർ ക്ഷണിച്ച് ഷിഹാബുദീൻ, തെക്കേഉടുമ്പിത്തറയിൽ എന്ന വ്യക്തിക്ക് കരാർ നല്കിയപ്പോൾ പഞ്ചായത്തിന് കിലോഗ്രാമിന് 2/-രൂപ നിരക്കിൽ അധിക ചെലവുണ്ടായിട്ടുണ്ട്. ഷിഹാബുദീൻ എന്ന കരാറുകാരന് തൻവർഷം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് (കി.ഗ്രാം) | നല്കിയ തുക (കി.ഗ്രാമിന്7/-രൂ നിരക്കിൽ) | അധികം നല്കിയ തുക (കി.ഗ്രാമിന് 2/-രൂ നിരക്കിൽ) | ചെക്ക് നം. തീ |
|---|---|---|---|
| 9540 | 66780 | 19080 | 59465/01.02.2021 |
| 5600 | 39200 | 11200 | 59498/11.02.2021 |

| | | | |
|---|---|---|---|
| 4170 | 29190 | 8340 | 61144/01.03.2021 |
| 2210 | 15470 | 4420 | 61215/19.03.2021 |
| | ആകെ | 43040/-രൂപ | |

കരാർ ലംഘനം മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ നഷ്ടമായ തുക യഥാസമയം നടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.29.06.2022) ലഭ്യമാക്കിയ മറുപടിയിൽ ക്ലീൻ കേരള കമ്പനിയിൽ കിലോഗ്രാമിന് 10/- രൂപ നിരക്കിലാണ് മാലിന്യം ശേഖരിക്കുന്നതെന്നും ആയതിനാൽ പഞ്ചായത്തിന് ഈ പ്രവർത്തിയിൽ നിന്നും നഷ്ടമല്ല ലാഭമാണുണ്ടായതെന്നും പറഞ്ഞിരിക്കുന്നു. ക്വട്ടേഷൻ നടപടികളിലൂടെ ലഭ്യമായ കുറഞ്ഞ നിരക്കും ക്ലീൻ കേരള കമ്പനിയുടെ നിരക്കും തമ്മിൽ താരതമ്യം ചെയ്ത് ലാഭം ഉണ്ടായതായി സ്ഥാപിക്കുന്നത് യുക്തിസഹമല്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 2800000 | ലൈഫ് പദ്ധതി ജനറൽ | 2800000 | 00 |
| | | 600000 | ലൈഫ് പദ്ധതി എസ്.സി | 600000 | 00 |
| | | 320000 | പാലിന് സബ്സിഡി | 320000 | 00 |
| | | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 600000 | |
| | | 580000 | 34-നമ്പർ അംഗനവാടിക്ക് പുതിയ കെട്ടിടം | 00 | 580000 |
| | | 580000 | 105-നമ്പർ അംഗനവാടിക്ക് പുതിയ കെട്ടിടം | 00 | 580000 |
| | | 635697 | ദേശാഭിമാനി വായനശാലയ്ക്ക് അടിസ്ഥാന സൗകര്യം | 635697 | 00 |
| | | 1870605 | സമഗ്ര നെൽകൃഷി വികസനം | 1870605 | 00 |
| | | 266589 | സ്ട്രീറ്റ് ലൈൻ നീട്ടൽ | 266589 | 00 |
| | | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | | 3720000 | ലൈഫ് പദ്ധതി ജനറൽ | 3720000 | 00 |
| | | 500000 | മാളിയേക്കൽ ഡയറിഫാം റോഡ് ടാറിംഗ് | 500000 | 00 |
| | | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 600000 | 00 |
| | | 1400000 | പാലിന് സബ്സിഡി | 1400000 | 00 |

മുൻവർഷങ്ങളിലേതുൾപ്പെടെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 227575/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 354624/-രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റെൻഷൻ | 3776214 | 00 | 3776214 |
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 302776 | 00 | 302776 |
| കെ.ഡബ്ല്യൂ.എ | കുടിവെള്ള കണക്ഷൻ | 5215375 | 00 | 5215375 |

മുൻ വർഷങ്ങളിലേതുൾപ്പെടെ നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിട്ടിക്ക് നൽകിയിട്ടുള്ളതിൽ 5382000/-രൂപയും കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് നൽകിയിട്ടുള്ള 14882038/-രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാത്തതായി ബാലൻസ് ഷീറ്റ് ബി-18ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി ഇല്ല | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ- ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 2200000 | 74913362 | 5704942 | | 71408420 |

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | 2020-21 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000000 |
| തൻവർഷം നിക്ഷേപിച്ച തുക | 1463310 |
| ആകെ | 21463310 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21463310 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| FD A/C40326001003258 | 10664064 | 204948/9.1.20 |
| | 10799246 | 2299514/31.3.20 |
| ആകെ | 21463310 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3 | 2015-16 | | പി.എച്ച്.സി. കലവൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ. ഗോപാലകൃഷ്ണന്റെ ആദ്യപകുതിയിലെ ശമ്പളം 125934/-രൂപയാണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും 1250/രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഈടാക്കിയ നികുതി 1000/-ആണ്. ശേഷിച്ച 250/-രൂപ ഈ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. | 24.06.2017 തീയതിയിലെ 117010100811 നമ്പർ രസീത് പ്രകാരം ശേഷിച്ച250/- രൂപ അടവാക്കിയിട്ടുണ്ട് |
| | | | | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി 16-11-2016 -ലെ 11605400015 രസീത് പ്രകാരം 2500/-രൂപ അടവാക്കിയിട്ടുണ്ട്. |
| | | | | കേരള ഗ്രാമീൺബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | കേരള ഗ്രാമീൺബാങ്ക് 15-16 സാമ്പത്തിക വർഷംരണ്ടാം അർദ്ധവർഷം മുതലാണ് പ്രവർത്ത നം ആരംഭിച്ചിട്ടുള്ളത്. ആയത് ഈടാക്കുന്ന തിനായി കത്ത് നൽകിയിരുന്നെങ്കിലും ഇതുവരെ അടവാക്കി യിട്ടില്ല. |
| | | | | എസ്.ബി.ഐ.കലവൂർ - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല. | എസ്.ബി.ഐ. കലവൂർ 22-12-2016- ലെ 11605104902 രസീത് പ്രകാരം 2500/-രൂപഅടവാക്കി യിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 152735112 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 155568726 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6289 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 473557 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12305315 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6289 | | ജോജോസ് ബൈജു, സെക്രട്ടറി |
| 3-1 | | 2414 | ജോജോസ് ബൈജു, സെക്രട്ടറി |
| 3-2 | | 6463 | ജോജോസ് ബൈജു, സെക്രട്ടറി |
| 3-3 | | 385300 | ജോജോസ് ബൈജു, സെക്രട്ടറ |
| 3-5 | | 14517 | അജിത് കുമാർ വൈ, അസിസിറ്റന്റ് എഞ്ചിനിയർ |
| 3-6 | | 9381 | അജിത് കുമാർ വൈ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-8 | | 12442 | അജിത് കുമാർ വൈ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-9 | | 43040 | ജോജോസ് ബൈജു, സെക്രട്ടറി |
| ആകെ | 6289 | 473557 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 200000 | ജോജോസ് ബൈജു, സെക്രട്ടറി |
| 1-15 | 151485 | ജോജോസ് ബൈജു, സെക്രട്ടറി |
| 1-16 | 343144 | ലക്ഷ്മി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-22 | 197136 | ജോജോസ് ബൈജു, സെക്രട്ടറി |
| 1-24 | 2500000 | ഉഷാകുമാരി, ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്, തമ്പകച്ചുവട് |
| 1-26 | 3893644 | ജോജോസ് ബൈജു, സെക്രട്ടറി |
| 1-28 | 300000 | ജോജോസ് ബൈജു, സെക്രട്ടറി |
| 1-29 | 3514210 | ജോജോസ് ബൈജു, സെക്രട്ടറി |
| 1-31-I | 18559 | ഡോ.കണ്ണൻ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മണ്ണഞ്ചേരി |
| 1-31-II | 50031 | ഡോ.ജീന.എസ്.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കലവൂർ |
| 1-33 | 625000 | ഡോ.രാജു,വെറ്ററിനറി സർജൻ |
| 1-42 | 363671 | അജിത് കുമാർ വൈ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-43 | 148435 | അജിത് കുമാർ വൈ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 12305315 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-4 | 2201 |
| 3-7 | 27413 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോജോസ് ബൈജു, സെക്രട്ടറി | വിരമിച്ചു | അപ്പത്തറ ഹൗസ്, പാതിരപ്പള്ളി പി.ഒ,ആലപ്പുഴ 688521 |
| അജിത് കുമാർ വൈ, അസിസിറ്റന്റ് എഞ്ചിനിയർ | അസിസിറ്റന്റ് എഞ്ചിനിയർ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | അരേശ്ശേരിൽ, അവലൂക്കുന്ന് പി.ഒ, കൊറ്റംകുളങ്ങര, ആലപ്പുഴ |
| ഡോ.രാജു, വെറ്ററിനറി സർജൻ | വിരമിച്ചു | കാർത്തിക, മുഹമ്മ പി.ഒ. |
| രഞ്ജിനി എ.എസ്, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ചിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | വടക്കേക്കര, നോർത്ത് ആര്യാട് പി.ഒ, ആലപ്പുഴ |
| ഡോ.ജീന.എസ്.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കലവൂർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കലവൂർ | രാജ് ഭവൻ പാതിരപ്പള്ളി.പി.ഒ ആലപ്പുഴ |
| ലക്ഷ്മി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് | ശിവപ്രിയം എസ്.എൽ.പുരം.പി.ഒ ചേർത്തല ആലപ്പുഴ |
| ഡോ.കണ്ണൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മണ്ണഞ്ചേരി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മണ്ണഞ്ചേരി | ശ്രീവത്സം കോമളപുരം അവലൂക്കുന്നു.പി.ഒ ആലപ്പുഴ |
| ഉഷാകുമാരി, ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്, തമ്പകച്ചുവട് | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്, തമ്പകച്ചുവട് | സാന്ദ്രം കരുവേലിൽ മണ്ണഞ്ചേരി.പി.ഒ ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5-1832/11/30.01.2012 |
| 2006-07 | എൽ.എഫ്.ജി.എ.16-292/10/20.08.10/30.10.2010 |
| 2007-08 | എൽ.എഫ്.ജി.എ.16-293/10/20.08.10/30.10.2010 |
| 2008-09 | എൽ.എഫ്.ജി.എ.പി.9-1220/11/16.04.12/09.07.2012 |

| | |
|---|---|
| 2009-10 | എൽ.എഫ്.ജി.എ.പി.9-1221/11/16.04.12/09.07.2012 |
| 2010-11 | എൽ.എഫ്.ജി.എ.പി.9-1066/12/11.12.2012 |
| 2011-12 | എൽ.എഫ്.ജി.എ.പി.9-340/14/29.04.14/12.06.2014 |
| 2012-13, 2013-14 | കെ.എസ്.എ-എ.പി.ഇസഡ്-പി.9/1037/15/01.09.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി13-781/16/15.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി3-1331/16/17.11.2016/20.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി 13-1049/17/05.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.-പി13-89/2019/24.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി.-പി9/139/2020/10.02.2020 |
| 2019-20 | കെ.എസ്.എ.എ.എൽ.പി.-പി9/233/2022 തീ. 27.03.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്